ലക്കം 5
ഡിസംബർ 2012

വചനം

റിയാദ് കെ.എം.സി.സി മലപ്പുറം ജില്ലാ കമ്മറ്റി പ്രസിദ്ധീകരണം
ഇ മാഗസിൻ



ഗസ്സ: ഉയർത്തുന്ന നവ ചിന്തകൾ

വികസന രാഷ്ട്രീയവും മദ്യ ജാതീയതയും

പ്രവാസി ക്ഷേമവകുപ്പ് : പ്രവർത്തനങ്ങൾ എന്തൊക്കെ?

RIYADH KMCC MALAPPURAM DISTRICT COMMITTEE
Vachanam e m agazine
വചനം
മാഗസിൻ സമിതി

കോ-ഓർഡിനേറ്റർ
സയ്യിദ് അഷ്റഫ് തങ്ങൾ
എഡിറ്റർ
അഷ്റഫ് പരതക്കാട്
അസി.എഡിറ്റേർസ്
സുലൈമാൻ ഊരകം
കെ.കെ മുഹമ്മദ് സഈദ്
അംഗങ്ങൾ
സുബൈർ അരിമ്പ്ര
അബ്ദുസ്സമദ് കൊടിഞ്ഞി
ശുഹൈബ് പനങ്ങാങ്ങര
പി.ടി ഫിറോസ്
ബഷീർ ഇരുമ്പുഴി
അസീസ് വെങ്കിട്ട
നൗഷാദ് കുനിയിൽ



താളുകളിൽ

പേജ്

സമകാലികം / ഗസ്സ: ഉയർത്തുന്ന നവ ചിന്തകൾ / കോയ കോടങ്ങാട്, ദോഹ — 03

ലേഖനം
അബ്ദുറബ്ബിന്റെ കയ്യിൽ അത്ഭുത വിളക്കുണ്ടോ..? / ഷാജി.കെ മുഹമ്മദ്, റിയാദ് — 05

സംവാദം
വികസന രാഷ്ട്രീയവും മദ്യ ജാതീയതയും / പി. മുഹമ്മദ്, കുട്ടശ്ശേരി — 08

സമകാലികം
സ്വദേശി വത്കരണം: സഊദി പ്രവാസം കരിനിഴലിൽ / സുലൈമാൻ ഊരകം, റിയാദ് — 10

അഭിമുഖം
പ്രവാസി ക്ഷേമവകുപ്പ് : പ്രവർത്തനങ്ങൾ എന്തൊക്കെ? — 12

ലേഖനം
പുതിയാപ്പിളക്കുട / കെ. അഹമ്മദ് കുട്ടി മദനി, അജ്മാൻ — 14

കഥ
മാതൃത്വം / ഇബ്നു കോയക്കുട്ടി, ന്യൂ മാഹി (ജിദ്ദ) — 17

അനുഭവം
ഹൃദ്യം, സുന്ദരം..ഈ യാത്ര..., / റഫീഖ് ഹസ്സൻ, വെട്ടത്തൂർ — 19

കവിത
കണിക്കൊന്ന പൂക്കുമ്പോൾ... / ഏഴുകോൺ ജോയ് പ്രസാദ്, റിയാദ് — 21

പ്രവാസം
മണൽ പരപ്പിലെ സൗഹൃദ കാഴ്ചകൾ / സലീം നാലകത്ത്, ദോഹ — 22

എഡിറ്റോറിയൽ

ഗൾഫ് മണലാരണ്യത്തിൽ വിയർപ്പൊഴുക്കി നേടിയവരും നഷ്ടപ്പെട്ടവരും നമുക്കിടയിൽ ധാരാളമുണ്ട്. ലക്ഷക്കണക്കിന് പ്രവാസികളുടെ അഭയ കേന്ദ്രമായ സൗദിയിൽ ഭാഷ ദേശമില്ലാതെയും രാഷ്ട്രീയ, മത, ജാതി നിറം നോക്കാതെയും പ്രവാസികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നവരെയും സഹായിക്കുന്നവരെയും നമുക്ക് കാണാവുന്നതാണ്. എല്ലാ രംഗത്തെന്ന പോലെ ഇവിടെയുമുണ്ട് ചില കള്ളനാണയങ്ങൾ. പത്ര കോളങ്ങളിൽ ഫോട്ടോ കാണാനും സ്റ്റേജിലും പേജിലും നിറഞ്ഞു നിൽക്കാനും നേതാക്കളുടെ മുമ്പിൽ അഭിനയിക്കാനും കഴിവുള്ള ഇത്തരക്കാരെ നാം തിരിച്ചറിയാൻ വൈകിയിരിക്കുന്നു. സ്വന്തമായി കടലാസു സംഘടനകൾ തട്ടിക്കൂട്ടി വാർത്ത സൃഷ്ടിക്കുന്ന ഇവരുടെ "സേവന" കഥകൾ കേട്ടാൽ നാം ലജ്ജിച്ചു പോകും. മനസ്സാക്ഷിയില്ലാത്ത ഈ കള്ളനാണയങ്ങൾ സമൂഹത്തിന് വേണ്ടി പ്രവർത്തിക്കുന്ന സുമനസ്സുകളായ പൊതു പ്രവർത്തകരെയും സംഘടനകളെയും സംശയത്തിന്റെ നിഴലിൽ നിർത്താൻ സാഹചര്യമൊരുക്കുന്നു.

സൗദിയിലെ ഒരു പ്രമുഖ കമ്പനിയിൽ ജോലി ചെയ്തിരുന്ന യുവാവിന് അസുഖം ബാധിച്ചതിനെ തുടർന്ന് ഡോക്ടർ വിദഗ്ധ ചികിത്സക്ക് വേണ്ടി നാട്ടിലയക്കാൻ സുഹൃത്തുക്കളോട് നിർദ്ദേശിച്ചു. ആശുപത്രിയിലെ ചികിത്സക്ക് തന്നെ ഭീമമായ സംഖ്യ ചെലവഴിച്ച് സാമ്പത്തികമായികടത്തിലായഇദ്ദേഹത്തെ നാട്ടുകാരും അയൽവാസികളും ചേർന്നാണ് ടിക്കറ്റെടുത്ത് നാട്ടിലെത്തിച്ചത്. നാട്ടിലയച്ചതിന്റെ തൊട്ടടുത്ത ദിവസം വന്ന ദിനപ്പത്ര വാർത്തയും ഫോട്ടോയും കണ്ട് സുഹൃത്തുക്കൾ അത്ഭുതപ്പെട്ടു!. ഇദ്ദേഹത്തെ ചികിത്സിച്ചതും നാട്ടിലെത്താൻ ടിക്കറ്റ് നൽകിയതും റിയാദിലെ മറ്റൊരു കൂട്ടായ്മയുടെ സഹായത്താലാണെന്ന് റിപ്പോർട്ട് നൽകുകയും, സംഘടനയുടെ ഭാരവാഹികൾ രോഗിയെ സന്ദർശിച്ച ഫോട്ടോ പ്രസിദ്ധീകരിക്കുകയുണ്ടായത്രെ. ഇതുപോലെ നിരവധി ഉദാഹരണങ്ങൾ നമുക്ക് അറിയാനാവും. പ്രമുഖ സ്ഥാപനങ്ങളിൽ നിന്നും വ്യവസായികളിൽ നിന്നും ഇത്തരം കടലാസു സംഘടനകളുടെ ഭാരവാഹികൾ ഭീമമായ തുക പിരിച്ചെടുക്കുന്നത് ഇവർക്ക് "സേവനത്തിന്" പ്രചോദനമേകുന്നു.

പ്രവാസികൾക്കിടയിൽ എ മുതൽ സെഡ് വരെ അക്ഷരങ്ങൾ നിരത്തിയ സംഘടനകൾക്ക് ഇവിടെ പഞ്ഞമില്ല. വിദേശത്ത് ഏറ്റവും കൂടുതൽ സംഘടനകളുള്ളത് മലയാളികൾക്കാണ്. ഇത് ഗുണവും ചിലപ്പോൾ ദോഷവുമുണ്ടാക്കിയിട്ടുണ്ട്. സൗദിയിലെത്തിയ പ്രമുഖ കലാകാരന്മാരെയും സംഘടനാ നേതാക്കളെയും ജയിലിലാക്കുന്നിടത്തേക്ക് വരെ ഈ സംഘടനാ മത്സരം വളർന്നിരിക്കുന്നു. എതിർ കക്ഷികളെ ഒറ്റുകൊടുത്ത് സായൂജ്യമടയുന്ന ഇത്തരക്കാരുടെ പ്രവൃത്തി ഇരിക്കുന്ന കൊമ്പ് സ്വയം മുറിക്കുകയും തല മറന്ന് എണ്ണ തേക്കുകയും ചെയ്യുന്ന ഗണത്തിലുള്ള പ്രവർത്തനമാണെന്നതിൽ സംശയമില്ല. രാഷ്ട്രീയ സംഘടനകളുടെ പോഷക സംഘടനകളും സൗഹൃദ വേദിയും അലുംനിയും കൂട്ടായ്മയുമടക്കം നിരവധി വേദികൾ നമുക്കിടയിലുണ്ട്. സാമൂഹ്യരംഗത്ത് ഇടപെടാനും കഷ്ടപ്പെടുന്നവരെ സഹായിക്കാനും മുമ്പിൽ നിൽക്കുന്ന സംഘടനകളെ നമുക്ക് മറക്കാനാവില്ല. ഉറ്റവരും ഉടയവരുമില്ലാതെ മരുഭൂവിൽ കഷ്ടപ്പെടുന്നവരെയും സ്പോൺസറുടെയും കമ്പനികളുടെയും പീഡനങ്ങളിൽ നിന്ന് ഇത്തരക്കാരെ മോചിപ്പിക്കുവാനും നിയമാനു സൃതമായി ഇവർക്ക് അർഹമായ ആനുകൂല്യം നേടിക്കൊടുക്കാനും ചില സംഘടനകൾ നൽകിയ സംഭാവനകൾ അതുല്യമാണ്.

ജീവിതം ഇരുളടഞ്ഞ സമയത്ത് അത്താണിയായെത്തുന്ന സംഘടനകളുടെ സേവനങ്ങൾ മരുഭൂവിലെ ഉറവ പോലെ പച്ചതുരുത്തായി നാം കാണുന്നു. റിലീഫ് പ്രവർത്തനങ്ങളിലൂടെ മറ്റു സംഘടനകൾക്ക് മാതൃക സൃഷ്ടിച്ച ജനപിന്തുണയുള്ള സംഘടനകളെ സഹായിക്കുകയും അവർക്ക് പിന്തുണ നൽകുകയും ചെയ്യുന്നതൊടൊപ്പം മാധ്യമ ലോകത്ത് നിറഞ്ഞു നിൽക്കാൻ വാർത്തകൾ സൃഷ്ടിക്കുകയും പേരും പെരുമയും ആഗ്രഹിക്കാതെ നിസ്വാർത്ഥ സേവനം ചെയ്യുന്നവരുടെ അധ്വാനം സ്വന്തം കണക്കു പുസ്തകത്തിലെഴുതുകയും ചെയ്യുന്ന കപടന്മാരെ പ്രവാസി സമൂഹം തിരിച്ചറിയേണ്ടതുമുണ്ട്.

എഡിറ്റർ



കോയ കോടങ്ങാട്
ദോഹ

ഗസ്സ: ഉയർത്തുന്ന നവ ചിന്തകൾ

ചരിത്രത്തിൽ വീണ്ടും രക്തക്കറ ചാർത്തിയ ഇസ്രാഈലിന്റെ ക്രൂരതക്ക് ലോകം സാക്ഷിയായി. ജനിച്ചു വളർന്ന മണ്ണിൽ മണ്ണിന്റെ മക്കൾക്ക് ജീവിക്കാൻ സ്വാതന്ത്രമില്ലാതെ അക്രമങ്ങളിലൂടെ ആട്ടിയോടിക്കപ്പെടുന്ന ഫലസ്തീൻ മക്കളെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഒരാഴ്ച യിലധികം നീണ്ടു നിന്ന ഗസ്സ അക്രമത്തിന് ബെഞ്ചമിൻ നെതന്യാഹുവിന്റെ കൂലി പട്ടാളം നേതൃത്വം നൽകിയത്. നിലനിൽപ്പിനു വേണ്ടിയുള്ള ഗസ്സക്കാരുടെ പ്രതിരോധത്തെ മാത്രം ലോകത്തിന് മുമ്പിൽ ഉയർത്തി കാട്ടി ഗസ്സ നിവാസികളെ വംശഹത്യ ചെയ്യുക എന്ന ഇസ്രാഈലിന്റെ തന്ത്രപരമായ കാപട്യമാണ് നാം കണ്ടത്.

ഇവിടെ യുദ്ധത്തിൽ ആർക്കാണ് ലാഭ നഷ്ടം എന്ന് വിലയിരുത്തുന്ന തിരക്കിലാണ് നമ്മുടെ കോളമിസ്റ്റുകൾ. എന്നാൽ എന്തായിരുന്നു പുതിയ യുദ്ധസമാനമായ സംഭവങ്ങളുടെ കാരണം എന്ന് കണ്ടത്താനോ ഈ അക്രമത്തിലൂടെ ആരായിരുന്നു രാഷ്ട്രീയ ലക്ഷ്യം മുൻനിർത്തി പ്രകോപനമു



ണ്ടാക്കിയതെന്ന സത്യം ലോകത്തോട് വിളിച്ച് പറയാനോ പടിഞ്ഞാറൻ മാധ്യമപ്പട തയ്യാറായിട്ടില്ല.

പശ്ചിമേഷ്യയിലെ ചട്ടമ്പിത്തരത്തിന് എക്കാലത്തും കൂട്ടും മധ്യവർത്തിയുമായി വരാറുള്ള അമേരിക്ക ഇത്തവണ സൂക്ഷിച്ചാണ് പ്രശ്നത്തിൽ ഇടപ്പെട്ടത്. "ക്യാമ്പ് ഡേവിഡ്" കരാറിന് ശേഷം ഇന്ന് വരെ അമേരിക്കയല്ലാതെ മറ്റൊരു മധ്യസ്ഥർ പശ്ചിമേശ്യൻ പ്രശ്നത്തിൽ ഉണ്ടായിരുന്നില്ല എന്നിരിക്കേ ഇസ്രാഈൽ മനസ്സ് കൊണ്ട് അംഗീകരിക്കാത്ത മുർസിയുടെ ഈജിപ്തിനെ എന്ത് കൊണ്ട് മധ്യസ്ഥരായി അമേരിക്കയും ഇസ്രാഈലും അംഗീകരിച്ചു എന്ന ചോദ്യം ഇപ്പോഴും ബാക്കി നിൽക്കുന്നു.

മധ്യസ്ഥരാവേണ്ട ഐക്യരാഷ്ട്ര സഭയുടെ വക്താക്കൾ ഗസ്സ കത്തിയെരിഞ്ഞപ്പോൾ ഉറങ്ങുകയോ ഉറക്കം നടിക്കുകയോ ചെയ്യുന്നതാണ് നാം കണ്ടത്. പിഞ്ചു കുഞ്ഞുങ്ങളെയും സ്ത്രീകളെയും കുടുംബസമേതം കൊന്നൊടുക്കുന്ന ക്രൂര വിനോദത്തിനെതിരെ നീതി പാലനത്തിന്റെ ചങ്ങലയുമായി ആദർശം പറയുന്ന ബാൻകി മൂണിനെപ്പോലുള്ളവർ ഇസ്രാഈലിന്റെ ഈ നരമേധത്തിനെതിരെ ആദ്യം കണ്ണടച്ചു. പിന്നീട് ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നും നിരന്തര പ്രതിഷേധം അലയടിച്ചപ്പോഴാണ് യു.എൻ ഭാരവാഹികൾ ഇവിടെ ജീവിച്ചിരുപ്പുണ്ടെന്ന് മാലോകരറിയുന്നത്. നൂറുകണക്കിന് മനുഷ്യജീവൻ കബന്ധങ്ങളായപ്പോഴും ശക്തമായി പ്രതികരിക്കാത്ത "ഒരു സഭ" നമുക്ക് ആവശ്യമുണ്ടോ എന്ന് ലോക രാജ്യങ്ങളും അവിടുത്തെ ജനങ്ങളും ചിന്തിക്കാൻ സമയം വൈകിയിരിക്കുന്നു.

പശ്ചിമേഷ്യയിൽ ഇസ്രാഈൽ നടത്തിയ നരമേധത്തിനെതിരെ ലോകമാകെ പ്രതിഷേധം അലയടിച്ചത് മാത്രമല്ല ഇസ്രാഈലിന്റെ ചുറ്റും വട്ടമിട്ടിരിക്കുന്ന പുതിയ അപകടം അവർ തിരിച്ചറിഞ്ഞിരിക്കുന്നു എന്നതാണ് അവരുടെ നിലപാടുകളിൽ നിന്നും നമുക്ക് മനസ്സിലാവുന്നത്. ഈജിപ്തും തുർക്കിയും തുനീഷ്യയും "അറബ് വസന്ത" ത്തിന് ശേഷം എടുത്ത തീരുമാനങ്ങളും അവിടുത്തെ ഭരണാധികാരികളുടെ മാറ്റങ്ങളും ഇസ്രാഈൽ ഭയക്കുന്നുണ്ട്. "ഫലസ്തീൻ മക്കളെ വംശഹത്യ ചെയ്യുക എന്ന ലക്ഷ്യ" മാണ് ഈ യുദ്ധത്തിന് പിന്നിലെന്ന് തുർക്കി പ്രസിഡന്റ് ഉർദുഗാൻ പ്രഖ്യാപിച്ചതിന് തൊട്ടു പിറകെയാണ് ഈജിപ്തിലെ ഭരണാധികാരി മുഹമ്മദ് മുർസിയും ഗസ്സക്കാർക്ക് ശക്തമായ പിന്തുണ പ്രഖ്യാപിച്ചത്. ഗസ്സയിൽ ആദ്യമായി സന്ദർശനം നടത്തിയ അറബ് ഭരണാധികാരി ഖത്തർ അമീർ അൽത്താനി യുടെ പരസ്യ പിന്തുണയും ഇസ്രാഈലിനെയും പാശ്ചാത്യ ശക്തികളെയും രണ്ട് വട്ടം ചിന്തിപ്പിച്ചിരിക്കണം.

പുതുലോക ക്രമത്തിൽ അറബ് രാജ്യങ്ങളുടെ സഹകരണമില്ലാതെ മുന്നോട്ടുള്ള വഴി എളുപ്പമല്ലെന്ന് ഒബാമ ചിന്തിക്കുന്നുണ്ടാവണം. കാരണം വൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സ്വന്തം രാജ്യത്തിന്റെ ഭാവിയും അമേരിക്കക്കാരന് ചിന്തിക്കേണ്ടതുണ്ട്. തങ്ങളുടെ വരുമാനത്തിന്റെ നല്ലൊരു പങ്ക് ലോകത്തെ സമ്പന്ന രാജ്യമായ ഇസ്രാഈലിനെ തീറ്റിപ്പോറ്റാൻ ചിലവഴിക്കുന്നതിൽ അമേരിക്കക്കാർക്കിടയിൽ തന്നെ ചോദ്യമുയരുന്നതായി പടിഞ്ഞാറൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുമ്പോൾ മുൻകാലങ്ങളിൽ നിന്നും ഭിന്നമായി "ലോക പോലീസ്" ചമയുന്നവർ സൂക്ഷിച്ച് തന്നെയാണ് പ്രശ്നത്തിൽ ഇടപ്പെട്ടത്. പടിഞ്ഞാറൻ ശക്തിയായ ഫ്രാൻസ് മുസ്ലിം ബ്രദർ ഹുഡ് നേതൃത്വം നൽകുന്ന ഈജിപ്തിന്റെ മധ്യസ്ഥതയിൽ പ്രശ്നം തീർക്കാൻ കരാറുണ്ടാക്കുന്നതും പുതിയ ചിന്തയിൽ നിന്നാണ്. അമേരിക്കയിലെ പുതിയ തെരെഞ്ഞെടുപ്പിൽ ഒബാമക്കെതിരെ മത്സരിച്ച റോംനിയെ ഇസ്രാഈൽ ഭരണാധികാരി ബെഞ്ചമിൻ നെതന്യാഹു പരസ്യമായി പിന്തുണച്ചതും ഇസ്രാഈലിന് കുരുശായി മാറിയിട്ടുണ്ട്.

1917 ലെ "ബാൽഫർ "പ്രഖ്യാപനത്തിലൂടെ ഇസ്രാഈൽ എന്ന രാഷ്ട്രം സ്ഥാപിക്കാൻ അണിയറയിൽ കുത്സിത ശ്രമങ്ങൾ നടത്തുകയും 1967 ൽ ഫലസ്തീനികളെ സ്വന്തം മണ്ണിൽ നിന്ന് ആട്ടിയോടിക്കുകയും ചെയ്ത ശേഷം നടത്തുന്ന അധിനിവേശ ക്രൂരതകളുടെ അവസാനത്തെ ഉദാഹരണമാണ് നാം ഗസ്സയിൽ കണ്ടത്. സത്യത്തിന്റെ വിജയം അധിവിദൂരമല്ല എന്ന് വിളിച്ചോതുന്ന പുതിയ അനുരണനങ്ങളാണ് ഗസ്സയിൽ നിന്നും നമുക്ക് നൽകുന്ന പാഠം.



ഷാജി. കെ മുഹമ്മദ്
റിയാദ്

അബ്ദുറബ്ബിന്റെ കയ്യിൽ അത്ഭുത വിളക്കുണ്ടോ..?



മഴ നനയാതിരിക്കാൻ സ്കൂളിന്റെ ഇറയത്ത് കയറി നിന്ന പാരമ്പര്യമല്ല തനിക്കെന്നു വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബ് ഓരോ ദിവസവും തെളിയിച്ചു കൊണ്ടിരിക്കുകയാണ്. മുസ്ലിം ലീഗിന്റെ മന്ത്രിപ്പട്ടികയിൽ വിദ്യാഭ്യാസ മന്ത്രിയായി ഈ നഹാ പുത്രന്റെ പേര് കണ്ടപ്പോൾ തന്നെ പലരും അന്ന് മൂക്കത്ത് കൈ വെച്ചതായിരുന്നു. കാട്ടാന കയറിയ കരിമ്പിൻ തോട്ടം പോലെ കുത്തഴിഞ്ഞു കിടക്കുന്ന വിദ്യാഭ്യാസ വകുപ്പ് ഒരു പുതുമുഖത്തെ ഏൽപ്പിക്കുന്നതിൽ പലരും അത്ഭുതപരതന്ത്രരായി. വാചാലമായുള്ള വാചകക്കസർത്തുകൾക്ക് പകരം, മാതൃകായോഗ്യമായ പ്രവർത്തനങ്ങളിലൂടെ വിമർശനങ്ങൾക്കും, സംശയങ്ങൾക്കും ഇപ്പോൾ മറുപടി നൽകുകയാണ് മന്ത്രി അബ്ദുറബ്ബ്. അനുകരണീയമായ ഭരണ പാടവത്തിലൂടെ തൊട്ടാൽ പൊള്ളുന്ന വിദ്യാഭ്യാസ വകുപ്പിൽ തൊട്ടതെല്ലാം പൊന്നാക്കിയാണ് മന്ത്രി അബ്ദുറബ്ബ് ജൈത്രയാത്ര തുടരുന്നത്.

അനാവശ്യ സമരങ്ങളുമായി വിദ്യാഭ്യാസ മേഖലയെ കുരുതിക്കളമാക്കാൻ കുട്ടി സഖാക്കൾ കൊടിയെടുത്തു കലാപമുണ്ടാക്കുമ്പോഴും അബ്ദുറബ്ബ് തന്റെ സ്വതസിദ്ധമായ മൗനം കൊണ്ടാണ് അവരെ നേരിട്ടത്. സമര മുഖങ്ങളെ സൗമ്യമായി അതിജീവിച്ച മന്ത്രി, ചങ്കുറപ്പോടെ വകുപ്പിന്റെ സാരഥ്യം വഹിക്കുകയും ചെയ്യുന്നു. ചടുലമായ നേതൃപാടവം കൊണ്ട് വകുപ്പിന്റെ മർമ്മമറിഞ്ഞ അദ്ദേഹം മാസങ്ങൾ കൊണ്ട് വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പരിഷ്കാരങ്ങളെ ആർക്കും കാണാതിരിക്കാനാവില്ല.

മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ശേഷം എൻട്രൻസ് ഒന്നാം റാങ്ക് ജേതാവ് വി.ഇർഫാന് മലപ്പുറത്തെ വീട്ടിലെത്തി ലഡു കൊടുത്ത് തുടങ്ങിയതാണ് അബ്ദുറബ്ബിന്റെ തേരോട്ടം.

പിന്നീടങ്ങോട്ട് വിദ്യാഭ്യാസ വകുപ്പിൽ നിന്നും വരുന്ന ഓരോ നടപടികളും മനസ്സിൽ ലഡു പൊട്ടുന്ന തരത്തിലായിരുന്നു. പ്രൊട്ടക്ഷൻ നഷ്ടപെട്ട അധ്യാപക സമൂഹത്തിനു സംരക്ഷണം നൽകാൻ അധ്യാപക പാക്കേജ് കൊണ്ട് വന്ന അബ്ദുറബ്ബ് അധ്യാപക സമൂഹത്തിന്റെ ആദരം പിടിച്ചു വാങ്ങി.. ഇടതു അധ്യാപക സംഘടനകൾ കാലങ്ങളായി മുറവിളി കൂട്ടുന്ന സാമൂഹ്യ പ്രശ്നമായിരുന്നിട്ടും എം എ ബേബി പോലും വിഷയത്തിൽ ഇടപെടാതെയാണ് കസേരയിൽ നിന്നിറങ്ങിപ്പോയത്.

അധ്യാപകർക്ക് ജോലി സുരക്ഷയും, മികവുറ്റ വിദ്യാലയ അന്തരീക്ഷവും ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ ഒന്നാം തരം മുതൽ നാലാം തരം വരെ അധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുകയും, അഞ്ചു മുതൽ പത്തു വരെ 1:35 എന്നാക്കുകയും ചെയ്തു. അധ്യാപക വിന്യാസത്തിനും ജോലി സുരക്ഷക്കും വേണ്ടി അധ്യാപക ബാങ്ക് പ്രവർത്തനം തുടങ്ങിയതോടെ 1997 ജൂലൈ 14 നു ശേഷം പ്രൊട്ടക്ഷൻ ലഭിക്കാതെ പുറത്തു പോയ 1700 അധ്യാപകർക്ക് അംഗീകാരം ലഭിച്ചു, നീണ്ട പതിനാലു കൊല്ലത്തെ കാത്തിരിപ്പിനാണ് ഇതോടെ അറുതിയായത്. വർഷങ്ങളായി ശമ്പളം കിട്ടാതെ ജോലി ചെയ്തു കൊണ്ടിരുന്ന 3500 ഓളം വരുന്ന അധ്യാപകർക്ക് ഈ നിയമത്തിലൂടെ നിയമനാംഗീകാരം ലഭിച്ചതും ഈ പാക്കേജിന്റെ പ്രധാന നേട്ടമാണ്.

സംസ്ഥാനത്തെ ഇടതു അധ്യാപകർ പോലും സ്കൂൾ ചുവരുകളിൽ അബ്ദുറബ്ബിനു അഭിനന്ദനങ്ങൾ അർപ്പിച്ചു പോസ്റ്ററുകൾ പതിക്കുകയും, ലഡുവും പായസവും വിതരണം ചെയ്യുകയുമുണ്ടായി.

തലയെണ്ണി തസ്തിക നിർണ്ണയിക്കുന്ന അശാസ്ത്രീയ രീതി ഒഴിവാക്കുകയും, എയ്ഡഡ് സ്കൂൾ ഹെഡ്മാസ്റ്റർമാരെ ശമ്പള ബില്ലുകൾ പാസാക്കുന്ന സെൽഫ് ഡ്രോയിംഗ് ഓഫീസർമാരാക്കുകയും ചെയ്തതോടെ ഉപജില്ല, ജില്ല വിദ്യാഭ്യാസ ആപ്പീസുകളിലെ തിരക്ക് കുറയ്ക്കാനും, യഥാസമയം അധ്യാപകർക്കും, അനധ്യാപകർക്കും ശമ്പളം എഴുതി വാങ്ങാനും സാധ്യമായി. വിപുലമായ ഓൺലൈൻ സംവിധാനം വഴിയാണ് പാക്കേജ് നടപ്പാക്കുന്നത് എന്നതും ശ്രദ്ധേയമാണ്. എയ്ഡഡ് മാനേജ്മന്റ് സ്കൂളുകളിലെ നിയമനങ്ങൾക്ക് മുൻകൂട്ടി സർക്കാർ അനുമതി വാങ്ങണമെന്നും, നിശ്ചിത യോഗ്യതാ പരീക്ഷ പാസാകണമെന്നും വ്യവസ്ഥയുണ്ടാക്കി. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ചുവടു പിടിച്ചു നടപ്പാക്കിയ അധ്യാപക പാക്കേജിന്റെ ഗുണ ഫലങ്ങൾ അധ്യാപക സമൂഹവും വിദ്യാർത്ഥികളും ഒരുപോലെ അനുഭവിച്ചു വരികയാണ്.

പൊതുവിദ്യാഭ്യാസത്തിനു ഗുണമേന്മയുടെ പുതിയ മുഖം നൽകിയതിലൂടെ അദ്ദേഹം കൂടുതൽ സ്വീകാര്യനുമായി.

സംസ്ഥാനത്തെ സ്കൂളുകളിലെ ഇംഗ്ലീഷ് പഠന നിലവാരം ഉയർത്തുന്നതിനു ഇംഗ്ലണ്ടിൽ നിന്നും അധ്യാപകരെ കൊണ്ട് വന്നു പരിശീലനം നൽകുന്ന പദ്ധതിയിലൂടെ മന്ത്രി വിദ്യാഭ്യാസ മേഖലയിൽ പുത്തൻ ചുവടുവെപ്പ് നടത്തി. ലണ്ടനിലെ പ്രശസ്തനായ കരിയർ അഡ്വൈസർ കാർല ഫ്ളാക്, സ്കൂൾ റിസോഴ്സ് ഓഫീസർ എമൽഡാ ഡേവ് ലിംഗ്, അധ്യാപകനായ ആന്ദ്ര്യൂ, ഇംഗ്ലീഷ് സാക്ഷരതാ പ്രവർത്തകനായ ബിവർലിക ആൽ പോർട്ട് തുടങ്ങിയ പ്രശസ്ത ഭാഷാ അധ്യാപകരാണ് ഇതിനായി കേരളത്തിലെത്തിയിരുന്നത്. പൊതു വിദ്യാഭ്യാസ സെക്രട്ടറി ഇതിനായി ലണ്ടനിൽ പോയി അഭിമുഖം വരെ നടത്തുകയുണ്ടായി. ലോകപ്രശസ്തമായ ട്രാവൽ മാഗസിൻ വണ്ടർ ബെസ്റ്റിൽ പരസ്യം വരെ കൊടുത്താണ് വിദ്യാഭ്യാസ വകുപ്പ് ഈ പ്രമുഖ ഇംഗ്ലീഷ് അധ്യാപകരെ കേരളത്തിൽ എത്തിച്ചത്. കേരളത്തിലെ ഇംഗ്ലീഷ് ഭാഷ പഠന നിലവാരം മനസ്സിലാക്കാൻ തൃശൂരിലെ ഇംഗ്ലീഷ് അക്കാദമിയിൽ നിന്നും പരിശീലനം നേടിയ ഈ വിദേശ സംഘം വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും പുത്തൻ അറിവുകൾ പകർന്നു കഴിഞ്ഞ ദിവസം തിരിച്ചു പോവുകയുണ്ടായി.

ഒന്നാം തരം മുതൽ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്ന പദ്ധതിയും സംസ്ഥനത്ത് ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഒരു കുട്ടിക്ക് ഒരു ലാപ്ടോപ് എന്ന പദ്ധതിക്കും തുടക്കമായി. മന്ത്രിയുടെ മണ്ഡലമായ തിരൂരങ്ങാടി ഗവ. ഹയർ സെകണ്ടറി സ്കൂളിൽ പദ്ധതി യാഥാർത്ഥ്യമായതിന്റെ ജീവിക്കുന്ന ചിത്രങ്ങളാണ് ഫെയ്സ്ബുക്ക് അടക്കമുള്ള സോഷ്യൽ നെറ്റ്വർക്ക് ഗ്രൂപ്പുകളിൽ പ്രചരിച്ചു കൊണ്ടിരിക്കുന്നത്. സ്കൂൾ അവധി ദിവസങ്ങളിൽ സംസ്ഥാനത്തെ സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബുകൾ രക്ഷിതാക്കൾക്ക് കൂടി കമ്പ്യൂട്ടർ പഠനത്തിനു പ്രയോജനം ചെയ്യുന്ന വിധത്തിൽ മറ്റൊരു പദ്ധതിയും വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കി വരുന്നു.

ഇതിനൊക്കെ പുറമേ സച്ചാർ സമിതിയുടെ ശുപാർശ പ്രകാരം വിവിധ കേന്ദ്ര പദ്ധതികളും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നതിൽ മന്ത്രിയുടെ ശ്രമങ്ങൾ വിജയം കണ്ടിട്ടുണ്ട്. പാലക്കാട്ട് ഐ ഐ ടി യും, മലപ്പുറത്ത് ഐ ഐ എസ് ടി യും, കോട്ടയത്ത് ഇൻസ്റ്റിറ്റ്യൂട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇന്ത്യയിലെ തന്നെ മികച്ച എജുക്കേഷണൽ ഹബ്ബായി കേരളം മാറുമെന്ന് വിദ്യാഭ്യാസ നിരീക്ഷകർ ഇപ്പോൾ വിലയിരുത്തുകയാണ്.

കഴിഞ്ഞ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയ മലയാളം സർവ്വകലാശാല തുഞ്ചന്റെ മണ്ണിൽ തന്നെ ആരംഭിച്ചു. മഞ്ചേരിയിൽ സ്പോർട്സ് അക്കാദമിയുടെ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കാൻ നടപടിയെടുത്ത മന്ത്രി മലപ്പുറത്തിന്റെ കായിക വളർച്ചക്ക് കൂടി ദ്രുത വേഗം കൂട്ടുകയുമാണ്. മജീദ്, റഹ്മാൻ കുഞ്ഞിപ്പ മാരുടെ ധീര രക്തസാക്ഷിത്വത്തിലൂടെ നേടിയെടുത്ത ഭാഷാ പഠനസംരക്ഷണം, ഭാഷാധ്യാപർക്ക് പ്രധാന അധ്യാപക തസ്തിക നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിലൂടെ ഇന്ന് പുതുവഴി തേടുകയാണ്. സംസ്ഥാനത്ത് പൗരസ്ത്യ ഭാഷാ സർവ്വകലാശാല രൂപീകരിക്കാൻ നീക്കങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട ജനതയെ സമൂഹത്തിന്റെ മുൻനിരയിലേക്ക് കൈപിടിച്ച് നടത്തുന്നതിൽ മഹാനായ സി. എച്ചിന്റെ പാത പിന്തുടരുകയാണ് ഇദ്ദേഹം.

അടുത്ത അധ്യയനവർഷം പരാതികളില്ലാതെ കുറ്റവിമുക്തമാക്കാൻ ഇപ്പോൾ തന്നെ നടപടികൾ എടുക്കുന്ന മന്ത്രി വിദ്യാർത്ഥികൾക്ക് മാത്രമല്ല, രക്ഷി





താക്കൾക്കും കൂടി പ്രിയങ്കരനാവുകയാണ്. പരീക്ഷാഫലം അറിഞ്ഞാലുടൻ അടുത്തവർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ ലഭ്യമാകുന്ന ചരിതാർഥ്യത്തിലാണ് ഇക്കുറി വിദ്യാർത്ഥികൾ. അടുത്ത അദ്ധ്യയന വർഷത്തിലേക്ക് കുറ്റമറ്റ രീതിയിൽ പുസ്തകം വിതരണം ചെയ്യാനുള്ള സംവിധാനം ഇപ്പോൾ തന്നെ ഒരുക്കി കഴിഞ്ഞു.

ഫിബ്രവരി 15 മുതൽ ഏപ്രിൽ 15 വരെയുള്ള ദിവസങ്ങളിൽ സംസ്ഥാനത്തെ 12,000 സ്കൂളുകളിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. 42 ലക്ഷം കുട്ടികൾക്കാണ് പാഠപുസ്തകങ്ങൾ നൽകുന്നത്. പാഠപുസ്തക വിതരണത്തിൽ ആശങ്കയും പരാതികളുമില്ലാത്ത അധ്യയനവർഷമാണ് വിദ്യാഭ്യാസ വകുപ്പിന്റെ ലക്ഷ്യം. തപാൽ വകുപ്പിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷകൾ നേരത്തെയാക്കി, ഫലം പ്രസിദ്ധീകരിച്ചു കേരളത്തിലെ വിദ്യാർത്ഥികൾ സംസ്ഥാനം വിട്ടുപോവുന്ന സാഹചര്യം ഒഴിവാക്കാനും മന്ത്രി ശ്രമം തുടങ്ങിക്കഴിഞ്ഞു. സ്വാശ്രയ മേഖലയിലെ നീറുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ന്യൂനപക്ഷ മാനേജ്മെന്റുകളുമായി ചർച്ചകൾ നടത്തി വരികയുമാണ്. ക്രിയാത്മകമായ നടപടികളിലൂടെ പ്രശ്നങ്ങളെ സമീപിക്കുന്നതിൽ ഒരു പണത്തൂക്കം മുന്നിലാണ് അക്കൂട്ടർ. അതുകൊണ്ട് തന്നെ മുൻവർഷങ്ങളിലെ പോലെ സ്വാശ്രയ മേഖല സമര മുഖരിതമാകില്ലെന്നു തന്നെയാണ് മലയാളിയുടെ പ്രതീക്ഷയും.

മലയാളത്തിൽ സ്വന്തം കൈപ്പടയിൽ മന്ത്രി എഴുതിയ കത്ത് www.education-kerala.gov.in എന്ന വെബ് സൈറ്റിൽ ലഭിക്കും. ഇത് ഡൗൺലോഡ് ചെയ്ത് ഹെഡ് മാസ്റ്റർമാർ പി.ടി.എ. പ്രസിഡന്റുമാർക്ക് നൽകണം. ഇത് പി.ടി.എ. യോഗത്തിലും സ്കൂൾ അസംബ്ലിയിലും വായിക്കണം. പി.ടി.എ. പ്രസിഡന്റിനും രക്ഷിതാക്കൾക്കും മറുപടി അയയ്ക്കാമെന്നതും, മന്ത്രി ഇതിന് മറുപടി എഴുതുമെന്നതും ശ്ലാഘനീയം തന്നെയാണ്. വിദ്യാഭ്യാസത്തെക്കുറിച്ച് ജനങ്ങളുടെ സമീപനമറിയാനും ഇതനുസരിച്ച് നിലപാടെടുക്കാനും ഇതിലൂടെ സർക്കാരിന് കഴിയും. മലയാളി മറന്നു പോയ കത്തെഴുത്ത് സംസ്കാരം പരിപോഷിപ്പുക, മലയാള ഭാഷയുടെ എഴുത്തുപയോഗം വർധിപ്പിക്കുക തുടങ്ങിയ വിശാലമായ ലക്ഷ്യവും പദ്ധതിക്കുണ്ട്.

മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് കുട്ടികളെ ഒരുക്കാനുള്ള ആഹ്വാനമാണ് വിദ്യാഭ്യാസമന്ത്രി രക്ഷിതാക്കൾക്കയച്ച ആദ്യ കത്തിൽ. കത്തിന്റെ പ്രശസ്ത ഭാഗം

''കുട്ടികളുടെ പരീക്ഷാ മികവും കുടുംബ സാഹചര്യവുമായി ബന്ധമുണ്ട്. പഠനത്തെ അലോസരപ്പെടുത്തുന്ന കാര്യങ്ങൾ വീട്ടിലുണ്ടാകരുത്. നന്നേ പുലർച്ചെതന്നെ കുട്ടികളെ ഉണർത്തി പഠനത്തിന് പ്രേരിപ്പിക്കണം. ടെലിവിഷൻ, കമ്പ്യൂട്ടർ, മൊബൈൽ ഫോൺ തുടങ്ങിയവയുടെ ഉപയോഗം പരിമിതപ്പെടുത്തണം. ആരോഗ്യകാര്യത്തിലും ശ്രദ്ധിക്കണം. ഉറക്കമിളയ്ക്കാൻ യാതൊരു മരുന്നുകളും ഉപയോഗിക്കരുത്. അടച്ചുമൂടിയ മുറിയിൽ തനിച്ചിരുന്നുള്ള പഠനം നിരുത്സാഹപ്പെടുത്തണം. പഴയ ചോദ്യപേപ്പറുകൾ ശേഖരിച്ച് ഉത്തരമെഴുതി ശീലിക്കുന്നത് പരീക്ഷ എളുപ്പമാക്കാൻ ഉപകരിക്കും.... തുടർന്നും എഴുതാം. സ്നേഹപൂർവ്വം പി.കെ. അബ്ദുറബ്ബ്.''

അച്ചടക്കത്തോടെ, പരാതികളില്ലാതെ കഴിഞ്ഞ വർഷം സംസ്ഥാന സ്കൂൾ യുവജനോത്സവം തൃശൂരിൽ സംഘടിപ്പിച്ചു കൊണ്ടും മന്ത്രിയും സംഘവും പ്രശംസ നേടുകയുണ്ടായി. ഒരവാർഡിന്റെ പേരിൽ ഭൂലോകത്ത് പോലും അസ്വാരസ്യങ്ങൾ തുടരുമ്പോൾ പരാതികളില്ലാത്ത സ്കൂൾ കലോത്സവം നടത്തിയത് പ്രകീർത്തിക്കപ്പെടേണ്ടതു തന്നെയാണ്.തൃശൂർ റെയിൽവേ സ്റ്റേഷനിൽ കലോൽസവത്തിൽ പങ്കെടുക്കാൻ വന്ന മത്സരാർത്ഥികളെ മധുരം നൽകി സ്വീകരിച്ചതിലൂടെ മന്ത്രി കുട്ടികളുടെ മനം കൂടി കവർന്നു. കലാതിലകം, കലാപ്രതിഭാ പട്ടങ്ങൾ പുനരാരംഭിക്കുമെന്ന മന്ത്രിയുടെ പ്രഖ്യാപനം വിദ്യാർത്ഥികളും, രക്ഷിതാക്കളും ഹർഷാരവത്തോടെയാണ് സ്വീകരിച്ചത്. യുവജനോത്സവ മാന്വലിൽ തന്നെ മാറ്റം വരുത്തി കൂടുതൽ മത്സരങ്ങൾ ഉൾപ്പെടുത്തുമെന്ന് കൂടി മന്ത്രി ചടങ്ങിൽ പ്രഖ്യാപിക്കുകയുണ്ടായി. ഈ അദ്ധ്യയന വർഷം മലപ്പുറത്ത് മികച്ച സംഘാടനത്തിലൂടെ സ്കൂൾ കലോത്സവം നടത്താൻ ഒരുക്കങ്ങൾ പൂർത്തീകരിച്ചിരിക്കുന്നു.

അഴിമതിക്ക് കൂട്ട് നിൽക്കാതെ നിസ്വാർത്ഥമായി സേവനം ചെയ്യുന്ന മന്ത്രി അബ്ദുറബ്ബ് അവുക്കാദർ കുട്ടിനഹയുടെ പാത തന്നെ പിന്തുടർന്ന് കേരളത്തിലെ ഉമ്മൻ ചാണ്ടി സർക്കാരിന് കൂടുതൽ തിളക്കമേകുകയാണ്. പൊതു വിദ്യാഭ്യാസ സെക്രട്ടറിയും മുൻപ് മലപ്പുറം ജില്ലാ കലക്ടറുമായിരുന്ന എം ശിവശങ്കറുമായി നല്ല വ്യക്തി ബന്ധമുള്ള അബ്ദുറബ്ബിന് ഒരു ടീം പോലെ കാര്യങ്ങൾ നടപ്പാകുമ്പോൾ ചലിക്കുന്നത് വകുപ്പ് മാത്രമല്ല, കേരളം മൊത്തമാണ്. വേറിട്ട ശൈലിയുമായി അബ്ദുറബ്ബ് മുന്നിൽ നിന്ന് നയിക്കുന്നത് കാണുമ്പോൾ ആരും അറിയാതെ ചോദിച്ചു പോകും അബ്ദുറബ്ബിന്റെ കയ്യിൽ അലാവുദ്ദീന്റെ അത്ഭുതവിളക്കുണ്ടോ.. എന്ന്.

വികസന രാഷ്ട്രീയവും മദ്യ ജാതീയതയും

പി. മുഹമ്മദ്, കുട്ടശ്ശേരി



വികസന രാഷ്ട്രീയം എന്ന ഒരു പുതിയ ചിന്ത ഇന്ത്യൻ സമൂഹത്തിൽ വളർന്നു വരുന്നത് ജനക്ഷേമത്തിൽ താൽപര്യമുള്ള ഏതൊരു പൗരനെയും കുളിരണിയിക്കുന്നതാണ്. അമേരിക്കയടക്കമുള്ള വൻ സമ്പന്ന രാഷ്ട്രങ്ങൾ പോലും സാമ്പത്തിക മാന്ദ്യത്തിന്റെ പ്രഹരമേറ്റ് കൂപ്പ് കുത്തുമ്പോൾ ഇന്ത്യ നെഞ്ച് വിരിച്ച് തല ഉയർത്തി നിൽക്കുകയാണ്. ജനാധിപത്യ മൂല്യങ്ങളെയും രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെയും സമന്വയിപ്പിക്കുന്ന ഒരു നയം സ്വീകരിക്കുന്ന ഭരണകർത്താക്കളുടെ കയ്യിൽ രാഷ്ട്രം എത്തിച്ചേർന്നതാണ് ഈ പുരോഗതിക്ക് പ്രധാന കാരണം.

രാഷ്ട്രീയത്തിന്റെ നേരെയുള്ള ജനങ്ങളുടെ ഹൃദയതുടിപ്പ് പരിശോധിച്ചാൽ പഴയ വിപ്ലവ മുദ്രവാക്യങ്ങളോടും സങ്കുചിത രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഏതൊരു ജനക്ഷേമ പ്രവർത്തനത്തെയും നോക്കികാണുന്ന പ്രവണതയോടുള്ള വിരക്തി വർദ്ധിച്ചതായും കാണാം. എങ്കിലും കേരളത്തിൽ ഇന്നും ചില രാഷട്രീയ പ്രസ്ഥാനങ്ങൾ വ്യവസായങ്ങളുടെയും സാമ്പത്തിക പരിഷ്കരണ പ്രവർത്തനങ്ങളുടെയും നേരെ പഴയ മനോഭാവം തന്നെ വെച്ചു പുലർത്തുന്നു. വ്യവസായങ്ങൾ വളർത്തുകയും തൊഴിലാളികളും കർഷകനും സാമ്പത്തികമായി മെച്ചപ്പെടുകയും ചെയ്താൽ ജനങ്ങളുടെ അവശതകളെയും അവകാശബോധത്തെയും ചൂഷണം ചെയ്ത് രാഷ്ട്രീയ പാർട്ടി വളർത്താൻ കഴിയില്ലന്ന് അവർ ഭയപ്പെടുന്നു.

ഒരു വ്യവസായം ഉദ്ഘാടനം ചെയ്യുന്നതിന്റെ തലേ ദിവസം അതിന്റെ സ്ഥാപനത്തിന്റെ പടിക്കൽ സമരം ഉദ്ഘാടനം ചെയ്യുന്ന പ്രവണത ഇന്നും നില നിൽക്കുന്നു. പ്രമുഖ മലയാളി വ്യവസായികളെല്ലാം നാട്ടിൽ ഒരു സംരഭം തുടങ്ങാൻ ഭയപ്പെട്ടു മറുനാടുകളിൽ അഭയം തേടുകയാണ്. കേരളത്തിലെ വിദ്യാസമ്പന്നരും അല്ലാത്തവരുമായ യുവാക്കളിൽ വലിയൊരു വിഭാഗം ഇന്നും പ്രയാസങ്ങൾ താങ്ങി മറുനാടുകളിൽ ജോലി ചെയ്യുന്നു. സ്വദേശവൽകരണ പ്രവണത വിദേശരാജ്യങ്ങളിൽ ശക്തിപ്പെടുന്നതോടെ ഒരു തിരിച്ചുപോക്കിന്റെ പ്രവാഹം ശക്തിപ്പെടുമെന്നു മാത്രമല്ല, പുതിയ പ്രതീക്ഷയുടെ വാതിലുകൾ തീരെ കൊട്ടിയടക്കപ്പെടുകയും ചെയ്യും. ഇന്ന് കേരളം പ്രവാസികൾ മുഖേന നേടിയെടുത്ത സാമ്പത്തികാഭിവൃദ്ധിയുടെ നില തുടരണമെങ്കിൽ വ്യാവസായിക വികസനം അനിവാര്യമാണ്.

അതിനാൽ രാഷ്ട്രീയപ്പാർട്ടികൾ നാടിന്റെ വികസനത്തിന്റെ കാര്യത്തിൽ പാർട്ടി താൽപര്യങ്ങൾ ക്കതീതമായി ഐക്യപ്പെട്ടു പ്രവർത്തിക്കുന്ന ഒരു പുതിയ സംസ്കാരം വളർന്നു വരേണ്ടത് രാജ്യനന്മക്ക് അനിവാര്യ മാണ്.

സഊദി അറേബ്യയിൽ നിന്ന് ഭാരതീയർ വികസന മാതൃകകൾ പകർത്തേണ്ടതുണ്ട്. എത്രയോ രാജ്യങ്ങൾ ഇവിടെ പലതരം കച്ചവട സ്ഥാപനങ്ങളും കമ്പനികളും മറ്റു തൊഴിൽ മേഖലകളും നടത്തുന്നു.

വിദേശികളെ ഈ നാടിന്റെ പുരോഗതിയിൽ പങ്കാളികളായി സഊദി ജനത കണക്കാക്കുന്നു. ലോക ത്ത് എവിടെയുമുള്ള ഉൽപ്പന്നങ്ങൾ മുന്തിയ ഇനം ഇവിടെ ലഭ്യമാണ്.

വ്യവസായങ്ങളുടെയും സാമ്പത്തിക വളർച്ചയു ടെയും കാര്യത്തിൽ തദ്ദേശീയരുടെ അവസരങ്ങൾ നഷ്ട പ്പെടുത്താതെ തന്നെ ഉദാരീകരണ നയം അനിവാര്യമാണ്.

കേരളീയരുടെ സാമ്പത്തിക മുന്നേറ്റത്തിനും കു ടുംബ സമാധാനത്തിനും കുറ്റകൃത്യങ്ങൾക്കുമുള്ള പ്ര ധാന ഹേതു മദ്യപാനമെന്നതിൽ സംശയമില്ല. മുസ്ലീ കളെ സംബന്ധിച്ചെടുത്തോളം മദ്യപിക്കാത്തവരില്ലാ ത്ത "വിശുദ്ധ സമുദായം" എന്ന് അവകാശപ്പെടാൻ കഴിയുമായിരുന്നെങ്കിലും ഇന്ന് ആ അവസ്ഥയുണ്ടാകു മെന്ന് ആരും പറയുകയില്ല. പക്ഷെ മദ്യപാനത്തിനെതി രിൽ മുസ്ലീംകൾ ശബ്ദമുയർത്തുന്നതിൽ ഒരു മാറ്റവും വന്നിട്ടില്ല. കൊലപാതകവും കളവും അവിഹിത സ്വത്ത് സമ്പാദനവും മറ്റും പോലെ മനുഷ്യത്വത്തിന് നിരക്കാത്ത ഒരു പാപ കൃത്യമായി അവർ മദ്യപാനത്തെ കാണുന്നു. മദ്യത്തിനെതിരിൽ ശബ്ദമുയർത്തുന്ന കക്ഷിയുടെ സമുദായത്തിൽപ്പെട്ടവർ ഭരണത്തിലിരിക്കുന്നു എന്ന കാരണത്താൽ മദ്യത്തെ സാമുദായികമായി കാണുന്ന പ്ര വണത എത്ര ദൗർഭാഗ്യകരമാണ്.

മദ്യപാനത്തെ ഒരു മാനുഷിക പ്രശ്നമായി കാണേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നാടിന്റെ വികസനത്തിനും ദാരിദ്ര്യ നിർമാജനത്തിനും കുറ്റ കൃത്യങ്ങൾ തടയുന്നതിനും ഈ നയം അനിവാര്യ മാണ്. മദ്യപിച്ചു സ്വബോധമില്ലാതെ വീട്ടിൽ വരുന്ന പിതാവിന് അമ്മയെയോ, പെങ്ങളയോ, മക്കളെയോ തിരിച്ചറിയുകയില്ല എന്ന് വ്യക്തം.

കേരളത്തിൽ നടക്കുന്ന സ്ത്രീപീഡനത്തിന്റെ മുഖ്യകാരണങ്ങളിലൊന്ന് മദ്യപാനമാണ്. എന്നിട്ടും തൊട്ടതിനൊക്കെ പ്രതികരിക്കുന്ന സാംസ്കാരിക നാ യകന്മാരും മഹിളാസംഘടനകളും സ്ത്രീകളുടെ വേദ ന കാണാത്ത പോലെ നടിക്കുന്നു. തൊഴിൽ നഷ്ടത്തി ന്റെ പേരിൽ മദ്യനിരോധനത്തെ എതിർക്കുന്നവർ യഥാർത്ഥത്തിൽ വോട്ട് നഷ്ടത്തെയാണ് ഭയപ്പെടുന്നത്. നീചമായ തൊഴിൽ ചെയ്ത് ജീവിക്കുന്ന സ്ത്രീകളുടെ ഉപജീവനമാർഗം തടയുമെന്ന കാരണം പറഞ്ഞ് അവ രുടെ തൊഴിലിന് ആരെങ്കിലും വാദിക്കുമോ..

ജാതിയുടെയും സമുദായത്തിന്റെയും കണ്ണാ ടിയിലൂടെ മദ്യപാനത്തെ നോക്കികണ്ട് അതിനെ എതിർക്കുന്നവരിൽ സാമുദായിക വിരോധം ഇളക്കി വിടാൻ ശ്രമിക്കുന്നത് എത്രമാത്രം ആപൽക്കരമാണ്.

എന്തൊക്കെ എതിർപ്പുകളും ആരോപണ ങ്ങളുമുണ്ടായാലും മദ്യപാനത്തിനെതിരിൽ ജനവിരോധം വളർത്തേണ്ടത് മുസ്ലീംകളുടെ മാനുഷിക ബാധ്യതയാണ്. ജാതീയതയുടെ പേര് പറഞ്ഞ് മദ്യനിരോധത്തിന്റെ പേ രിൽ സ്പർദ്ധ വളർത്താൻ ശ്രമിക്കുന്നവരെ മദ്യപാന ത്തെ എതിർക്കുന്ന ഇതര സമുദായങ്ങളെ കൂട്ടുപി ടിച്ചു നേരിടുക എന്നതാണ് പ്രായോഗിക ബുദ്ധി. മദ്യനി രോധന സമിതികളിൽ എല്ലാ സമുദായത്തിൽ പ്പെട്ടവരും മെമ്പർമാരണല്ലോ..പ്രവാസികളുടെ ഈ വിഷയത്തിലുള്ള വികാരം നാടിനെ അറിയിക്കേണ്ടത് അനിവാര്യമാണ്.

കടപ്പാട്: (റിയാദ് കെ. എം. സി.സി മലപ്പുറം ജില്ലാ കമ്മറ്റി ന്യൂ സഫാ മക്ക ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സംവാദത്തിലെ പ്രസംഗ സംഗ്രഹം)

പ്രവാസി വെൽഫയർ സെല്ലിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചു.

റിയാദ് മലപ്പുറം കെ.എം.സി..സി കമ്മറ്റിക്ക് കീഴിൽ രൂപം നൽകിയ പ്രവാസി വെൽഫയർ സെല്ലിന്റെ പ്രവ ർത്തനത്തിന് തുടക്കം കുറിച്ചു. കേരള സംസ്ഥാന സർ ക്കാർ രൂപം നൽകിയ പ്രവാസി ക്ഷേമ പദ്ധതികൾ പ്ര വാസികളിലേക്ക് എത്തിക്കുക എന്നതാണ് സെല്ലിന്റെ പ്ര ധാന ലക്ഷ്യം. ഗവൺമെന്റിന് കീഴിൽ പ്രവർത്തിക്കുന്ന നോർക്ക റൂട്ട്സ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ ക്ഷേമ പദ്ധതികളായ പെൻഷൻ, ആരോഗ്യഇൻഷൂറൻസ്, സ്വപ്ന സാഫല്യം പദ്ധതി, പ്രവാസി സംഘങ്ങൾ ന ടത്തുന്ന ബിസിനസ് സംരഭങ്ങൾക്കുള്ള വിവിധ തരം ആനുകൂല്യങ്ങൾ, വ്യാപകമായി പ്രചരിപ്പിക്കുകയും, അം ഗങ്ങളാക്കുകയും ചെയ്യുക എന്നതാണ് ഈ പ്രവാസി വെ ൽഫയർ പ്രധാനമായും ലക്ഷ്യം വെക്കുന്നത്. ഇതിന്റെ ആദ്യഘട്ടം എന്നത് അംഗങ്ങളായി ചേർന്നുകൊണ്ട് ഗ വൺമെന്റിന്റെ തിരിച്ചറിയൽ കാർഡ് കൈപറ്റുക എന്ന താണ്. മലപ്പുറം ജില്ലാ കെ.എം.സി..സിക്ക് കീഴിൽ പ്ര വാസി വെൽഫെയർ സെൽ റിയാദിൽ ഒക്ടോബർ 25 മുതൽ നവംബർ 30 വരെ ഇതിന്റെ വിപുലമായ ക്യാംപ യിൻ സംഘടിപ്പിച്ചു. ബത്ഹ ശിഫാ അൽ ജസീറ ഓഡി റ്റോറിയത്തിൽ വെച്ച് ചേർന്ന ചടങ്ങിൽ സെൽ ചെയർമാൻ ബഷീർ പാണ്ടിക്കാട് അധ്യക്ഷത വഹിച്ചു. കെ.എം.സി.സി നേതാവ് എം മൊയ്തീൻ കോയ യോഗം ഉദ്ഘാടനം ചെ യ്തു.



റിയാദ് കെ.എം.സി.സി മലപ്പുറം ജില്ലാ കമ്മറ്റിയുടെ ഭാഗമായി പ്രവാസി വെൽഫയർ സെല്ലിന് തുടക്കം കുറിച്ച് കൊണ്ട് പ്രവാസി തിരിച്ചറിയൽ കാർഡിന്റെ അംഗത്വ ഫോം വിതരണം സയ്യിദ് അഷ്റഫ് തങ്ങൾക്ക് നൽകി നോർക്ക സൗദി കൺസൽട്ടന്റ് ശിഹാബ് കൊട്ടുകാട് ഉദ്ഘാടനം ചെയ്യുന്നു.



സുലൈമാൻ ഊരകം
റിയാദ്

സ്വദേശി വത്കരണം: സഊദി പ്രവാസം കരിനിഴലിൽ

പച്ചയും മഞ്ഞയും ചുകപ്പുമായി തരം തിരിച്ച് സ്വദേശിവത്ക്കരണം ഊർജിതമായത് സഊദി പ്രവാസത്തിന്റെ പച്ചപ്പിന് മങ്ങലേൽപ്പിച്ചിരിക്കുകയാണ്. ജനസംഖ്യയുടെ പത്ത് ശതമാനം തൊഴിൽ രഹിതരായതിനാൽ ഇനി വിദേശികളുടെ കടന്നുകയറ്റം വേണ്ടെന്ന നിലപാട് അധികാരികൾ സ്വീകരിച്ചതോടെ ഈ മണ്ണിൽ നിന്നും ഒരു തിരിച്ചു പോക്കിന്റെ ഒരുക്കത്തിലാണ് പ്രവാസി മനസ്സുകൾ.

അറബ് രാജ്യങ്ങളിൽ തൊഴിലില്ലായ്മ രൂക്ഷമായതോടെ പൊട്ടിപ്പുറപ്പെട്ട വിപ്ലവ കൊടുങ്കാറ്റുകൾ ആഞ്ഞടിച്ച ശേഷമാണ് സഊദിയിൽ തൊഴിൽപരിഷ്കരണ നിയമങ്ങൾ കർശനമായത്. അയൽ പ്രദേശങ്ങളിലൊക്കെ അധികാര കേന്ദ്രങ്ങൾ കുലുങ്ങിയപ്പോൾ സഊദി അറേബ്യയിൽ വിപ്ലവാഹ്വാനത്തിന് കാര്യമായ പ്രതികരണമുണ്ടായിരുന്നില്ല. കോടിക്കണക്കിന് റിയാലിന്റെ ജനക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ച് തിരുഗേഹങ്ങളുടെ സേവകൻ അബ്ദുല്ല രാജാവിന്റെ അവസരോചിത ഇടപെടലിന് മുന്നിൽ വിപ്ലവാഹ്വാനങ്ങൾ നിഷ്പ്രഭമായി. തദ്ഫലമായി തൊഴിൽ രഹിതരെ കണ്ടുപിടിച്ച് അവർക്ക് ജോലി നൽകാനുള്ള ശ്രമം നടപ്പാക്കാൻ സർക്കാർ തീരുമാനിക്കുകയായിരുന്നു. 80 ലക്ഷത്തിലധികം വിദേശ തൊഴിലാളികളുള്ള രാജ്യത്ത് അഞ്ചു ലക്ഷത്തിലധികം സ്വദേശികൾ തൊഴിൽ രഹിതരായി ഉണ്ടെന്നാണ് സർക്കാർ കണക്ക്. അഥവാ ജനസംഖ്യയുടെ 10.5 ശതമാനം തൊഴിൽരഹിതർ. സ്വകാര്യമേഖലയിൽ 90 ശതമാനവും വിദേശികളാണ് ജോലി ചെയ്യുന്നത്. അതിനാൽ സ്വകാര്യ മേഖലയിൽ നിശ്ചിത ശതമാനം സ്വദേശികൾക്ക് ജോലി നൽകണമെന്ന് സർക്കാർ ആവശ്യപ്പെട്ടു. ഇങ്ങനെയാണ് നിതാഖാത്ത് എന്ന തരംതിരിക്കൽ സ്വദേശിവൽക്കരണ പദ്ധതി കടന്നുവന്നത്.

അഭ്യസ്ത വിദ്യരാണ് സഊദിയുടെ പുതുതലമുറ എന്നത് നമുക്ക് അവഗണിക്കാനാവില്ല. വിദേശ രാജ്യങ്ങളിൽ ഏറ്റവും മുന്തിയ വിദ്യാഭ്യാസം എന്നതാണ് ഇപ്പോൾ ഇവിടുത്തെ ട്രന്റ് തന്നെ. അതിന് സർക്കാർ സ്കോളർഷിപ്പും നൽകുന്നു. എഞ്ചിനീയർമാരും ഡോക്ടർമാരും വൈമാനികരും തുടങ്ങി എല്ലാ മേഖലകളിലും സഊദി യുവത തിളങ്ങുകയാണ്. വിദ്യാഭ്യാസം നേടിയ സമൂഹത്തെ വിസ്മരിച്ചാൽ ഭരണകൂടങ്ങൾ വൻവില നൽകേണ്ടി വരുമെന്നത് തീർച്ചയാണ്. ഈയൊരു തിരിച്ചറിവ് കാരണമാണ് വിദേശികളെ നിയന്ത്രിക്കുന്നതിന് പ്രത്യേക പദ്ധതികൾ സർക്കാറിന് ആവശ്യമായി വന്നത്.

സ്വദേശി അനുപാതം ക്രമീകരിക്കാൻ നിരവധി കമ്പനികൾ തൊഴിലാളികളുടെ എണ്ണം വെട്ടിക്കുറക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി നിരവധി വിദേശികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. നിരവധി പേരെ ഇതിനകം തന്നെ പിരിച്ചുവിട്ടു. വിസ നിയന്ത്രണത്തിലും തൊഴിൽ നിയമത്തിലും അനൗദ്യോഗികമായി അൽപം അയവുള്ള രാജ്യമായിരുന്നു സഊദി. ഫ്രീ വിസയെന്ന പേരിൽ ഏതെങ്കിലും സപോൺസറിൽ നിന്ന് വിസ സമ്പാദിക്കുകയും തുടർന്ന് എവിടെയെങ്കിലും ജോലി ചെയ്ത് സ്പോൺസർക്ക് നിശ്ചിത ഫീസ് നൽകുകയും ചെയ്യുന്ന സമ്പ്രദായമാണ് ഫ്രീ വിസ. മലയാളികളിൽ 60 ശതമാനവും ഇത്തരം രീതികളിലാണ് ജോലിചെയ്യുന്നത്.

നിതാഖാത് പരിഷ്കരണം പ്രാബല്യത്തിൽ വന്നതോടെ തൊഴിൽ മേഖലയിൽ പ്രതിസന്ധികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെങ്കിലും സ്വദേശിവത്ക്കരണത്തിൽ നിന്ന് പിന്നോട്ടില്ലെന്ന് തന്നെയാണ് തൊഴിൽമന്ത്രാലയം വ്യക്തമാക്കുന്നത്. സ്വദേശികളെ തൊഴിൽമേഖലയിലേക്ക് ആനയിക്കാൻ ഹാഫിസ്, ലിഖാആത്ത് പദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞു. വിവിധ കമ്പനികളുമായി സഹകരിച്ച് സ്വദേശികൾക്ക് നിയമനം നൽകുന്നതിന് പ്രത്യേക തൊഴിൽമേളകൾ സംഘടിപ്പിക്കുന്നു. സ്ത്രീകൾക്കും സർക്കാർ, സ്വകാര്യമേഖലകളിൽ നിയമനം നൽകിത്തുടങ്ങി. മൊത്തത്തിൽ വിദേശികൾ ജോലി ചെയ്യുന്ന എല്ലാ മേഖലകളിലും സ്വദേശികളെ പ്രതിഷ്ഠിക്കാനുള്ള പുറപ്പാടിലാണ് സർക്കാർ. വിദേശികളെ നിയന്ത്രിക്കാൻ വിസ നിയന്ത്രണം, ശമ്പള നിരീക്ഷണം കൂടി നടപ്പാക്കാനിരിക്കുകയാണ്.

Enjoy Your Ride With Comfort
Our services
Window Film Installation
(Professional Tinting for Automotive, Residential & Commercial)
Paint Protection Film Installation
Car Polishing & Detailing
SOLAR CENTER
King Abdul Aziz Road, Exit- 5, Riyadh, Saudi Arabia,
Mob: 0538648789, 0534531752,
Email: info@solarcenter-sa.com



കവിത

കഅ്ബാലയം



നെച്ചി വെട്ടത്തൂർ
റിയാദ്

കഅ്ബാലയം ഇത് കഅ്ബാലയം
സത്യ സ്തൂപം ഇത് നിത്യ സ്തംഭം
വിശ്വ മുസ്ലിമിന്റെ ശാന്തി തീരം
ദൈവം പുകഴ്ത്തിയ സന്നിധാനം
കൺകുളിർക്കെ കഅ്ബേ നീ കാണണം
പാദങ്ങളിൽ നെറ്റിത്തടം ചേർക്കണം
പാപങ്ങളോരോന്നുമേറ്റി ചൊല്ലീടണം
സംസം കുടിച്ച് കരളും നീ കഴുകീടണം
ഇത് കഅ്ബാലയം.... കഅ്ബാലയം....
ഇരുൾ മായ്ച്ച് കളയുന്ന തീർത്ഥാലയം
ഇന്നലത്തെ ഭ്രാന്ത് മാറുവോളം
ശിരസാവഹിക്കണം അന്തിയോളം
പാപം അലിഞ്ഞിടും തേടുവോളം
നീ തന്നെ കുഞ്ഞായ് പിറക്കുവോളം
ഇത് കഅ്ബാലയം.... കഅ്ബാലയം....
ശിലാഹൃദയമലിക്കുന്ന ദേവാലയം
ആദം ഹവ്വയിലായും വന്നുപോയി
ഇബ്രാഹിം തീർത്തിട്ട യാത്രയായി
അന്ത്യപ്രവാചകൻ ചുംബിച്ചു നൽകിയ
കഅ്ബാലയം നിന്നിൽ തന്നുപോയ്
ഇത് കഅ്ബാലയം.... കഅ്ബാലയം....
നിൻ വിളിക്കുത്തരം നൽകിടും പുണ്യാലയം
ഇനി നീ മനുഷ്യനായ് വാകൊയ്ക
കറകയ വരാതെയും കാത്ത് കൊയ്ക
ഇമാന്റെ തണലിൽ രമിച്ച് കൊയ്ക
സ്വർഗം നിനക്കായ് പുഞ്ചിരിച്ച് കൊയ്ക
ഇത് കഅ്ബാലയം.... കഅ്ബാലയം....
നിന്നെ അനശ്വരമാക്കിയ സ്വർഗ്ഗാലയം



പ്രവാസി ക്ഷേമവകുപ്പ് : പ്രവർത്തനങ്ങൾ എന്തൊക്കെ?

പ്രവാസി ക്ഷേമ ബോർഡ് ചെയർമാൻ അഡ്വ: പി.എം.എ സലാമുമായി 'വചനം' പ്രതിനിധി റിയാദിൽ നടത്തിയ അഭിമുഖം



? പ്രവാസികളുടെ ക്ഷേമത്തിന് വേണ്ടി യു.ഡി.എഫ് ഗവൺമെന്റിന് കീഴിൽ ആസൂത്രണം ചെയ്ത നൂതന പദ്ധതികൾ എന്തൊക്കെയാണ് ?

ഉ. പ്രവാസികളുടെ ക്ഷേമത്തിനായി കേരളത്തിലെ യു.ഡി.എഫ് സർക്കാരിന്റെയും യു.ഡി.എഫ് പിന്തുണക്കുന്ന കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള പ്രവാസി വകുപ്പുകൾ ചില ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടതാണ് പ്രവാസി ക്ഷേമ പെൻഷൻ പദ്ധതി. കേന്ദ്രഗവൺമെന്റിന്റെ (ECR) എമിഗ്രേഷൻ ക്ലിയറൻസ് റിക്വയേർഡ് തൊഴിലാളികൾക്ക് അഥവാ എമിഗ്രേഷൻ ആവശ്യമായ 10-ാം ക്ലാസ് പാസ്സായിട്ടില്ലാത്ത പ്രവാസികൾക്ക് 60 വയസ്സ് പൂർത്തിയാവുമ്പോൾ 1000 രൂപ പ്രതിമാസ പെൻഷൻ ലഭിക്കുന്ന പദ്ധതി. ഇതിൽ അംഗമാകുന്നവർ മിനിമം 5 വർഷം പ്രതിമാസം 300 രൂപ അംശാദായം അടക്കേണ്ടതുണ്ട്. ചികിത്സാ സഹായം, ഭവന നിർമ്മാണം, പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം, സ്കൂൾ പഠനത്തിന് സ്കോളർഷിപ്പ് തുടങ്ങിയ നിരവധി ആനുകൂല്യങ്ങൾ ഈ പദ്ധതിയിൽ അംഗമായവർക്ക് ലഭിക്കുന്നതാണ്.

രണ്ടു വർഷം വിദേശത്ത് ജോലി ചെയ്ത് തിരിച്ച് വരുന്നവർക്ക് പ്രതിമാസം 100 രൂപ 5 വർഷം അടക്കുകയാണെങ്കിൽ 60 വയസ്സ് പൂർത്തിയാവുമ്പോൾ 500 രൂപ മാസാന്തം പെൻഷൻ ലഭിക്കുന്നു. ഈ രണ്ട് പെൻഷനും അപേക്ഷകൻ മരണപ്പെട്ടാൽ ഭാര്യക്കും ഭാര്യയുടെ കാലശേഷം പ്രായ പൂർത്തിയാവാത്ത കുട്ടികൾക്കും ലഭിക്കും.

? പ്രവാസികൾക്ക് ഇത്തരം ക്ഷേമ പദ്ധതികളുണ്ടെങ്കിലും ഭൂരിഭാഗത്തിനും ഇതിന്റെ ഗുണം ലഭിക്കാത്തത് എന്ത് കൊണ്ട് ?

ഉ. സർക്കാറുകൾ നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളിലെത്താത്തതിന്റെ മുഖ്യ കാരണം ഇത്തരം പദ്ധതികളെക്കുറിച്ചുള്ള അജ്ഞതയാണ്. പ്രവാസ സംഘടനകൾ ഇത്തരം ബോധവൽക്കരണത്തിൽ ഉണർന്ന് പ്രവർത്തിക്കേണ്ടതുണ്ട്.

? ഗൾഫ് നാടുകളിൽ സ്വദേശിവൽക്കരണത്തിന് വേണ്ടിയുള്ള നടപടികളിൽ പതിനായിരക്കണക്കിന് പ്രവാസികൾക്ക് ജോലിയും വിസയും നഷ്ടപ്പെട്ട്

തിരിച്ചുവരുമ്പോൾ സർക്കാർ ഇവർക്ക് വേണ്ടി എന്തെങ്കിലും ആസൂത്രണം ചെയ്യുന്നുണ്ടോ ?

ഉ. ചെറുകിട വ്യവസായം, ഭവന നിർമ്മാണ പദ്ധതി എന്നിവക്ക് വേണ്ടിയുള്ള സഹായങ്ങളും പ്രവാസികളുടെ ചെറുനിക്ഷേപങ്ങൾ ഉപയോഗപ്പെടുത്തിയുള്ള വ്യവസായ സംരംഭങ്ങളും സർക്കാറിന്റെയും പ്രവാസികാര്യ വകുപ്പിന്റെയും സജീവ ചർച്ചയിലാണ്.

? വിദേശ രാജ്യങ്ങളിൽ അക്കാദമിക് യോഗ്യതകളേക്കാളും ടെക്നിക്കൽ പ്രഫഷണലുകൾക്ക് അവസരം കൂടുമ്പോൾ പരമ്പരാഗത കോഴ്സുകളിൽ നിന്നും നമ്മുടെ യുവാക്കളെയും പ്രവാസികളെയും ബോധവൽക്കരിക്കാൻ പ്രവാസി ക്ഷേമ ബോർഡ് മുൻകൈയെടുക്കുമോ ?

ഉ. നമ്മുടെ നാട്ടിൽ പഠനത്തിൽ പരമ്പരാഗത കോഴ്സുകൾക്ക് പ്രിയം കുറഞ്ഞുവരുന്നുണ്ട്. ജോലി സാധ്യതയുള്ള പ്രഫഷണൽ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിൽ പുതിയ തലമുറക്ക് അവബോധമുണ്ട്. ഇന്ത്യയിൽ ഒരു നല്ല ടെക്നീഷ്യനാണെങ്കിൽ ഗൾഫിൽ എത്തിയാൽ വൈകാതെ ഉന്നത നിലവാരത്തിലേക്കുയരാൻ കഴിയുന്നുണ്ട്. എങ്കിലും ഗൾഫ് ജോലിക്ക് വേണ്ടി 'ODEPC' പോലുള്ള സർക്കാർ സംരംഭങ്ങൾക്ക് പരിശീലനം നൽകുന്നുണ്ട്.

? ഗൾഫിൽ താമസിക്കുന്ന പ്രവാസികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് അവസരമില്ലാതെ അവർ നാട്ടിലേക്ക് മടങ്ങേണ്ടി വരുമ്പോൾ ഈ രംഗത്ത് നമ്മുടെ സർക്കാറും സർവ്വകലാശാലകളും പരിഹാരത്തിന് എന്തുകൊണ്ട് ശ്രമിക്കുന്നില്ല ?

ഉ. നമ്മുടെ സർവ്വകലാശാലകളുടെ സെന്ററുകൾക്ക് സി.ബി.എസ്.ഇ പോലെ ഗൾഫ് നാടുകളിൽ സെന്ററുകൾ തുടങ്ങാൻ നിയമപരമായ പരിമിതികളുണ്ട്. എങ്കിലും സർക്കാരിന്റെ നിരന്തര ശ്രമമായി ഇന്ത്യയിലെ സർക്കാർ അംഗീകൃത കോഴ്സുകൾ യു.എ.ഇ അടുത്ത കാലത്ത് അംഗീകരിക്കുകയും യു.എ.ഇയിൽ തുടർപഠനത്തിന് യോഗ്യതയായി അംഗീകരിക്കാനും യു.എ.ഇ ഗവൺമെന്റ് വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചത് നമുക്ക് പ്രതീക്ഷ നൽകുന്നു.

? പ്രവാസിക്ഷേമ ബോർഡിന്റെ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടത് ഒരു മുൻ പ്രവാസിയാണെന്നത് സമൂഹം പ്രതീക്ഷയോടെ കാണുമ്പോൾ അതിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായമെന്ത് ?

ഉ. ഒരു പ്രവാസി എന്നതിനാൽ ഈ മേഖലയിൽ കൂടുതൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കാൻ സാധിക്കുന്നുണ്ട്. ഗൾഫുകാരുടെ ജീവിതവും പ്രയാസങ്ങളും നേരിട്ടനുഭവമുള്ള ഒരു വ്യക്തി എന്ന നിലയിൽ സർക്കാരിന്റെയും അധികാരികളുടെയും മുന്നിൽ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ക്ഷേമപ്രവർത്തനങ്ങൾ സമൂഹത്തിലെത്തിക്കുന്നതിനും മുന്തിയ പരിഗണന നൽകുന്നതാണ്.

■

ശിഹാബ് തങ്ങൾ റിലീഫ് സെൽ

കാൻസർ രോഗികളെ സഹായിക്കാൻ റിയാദ് മലപ്പുറം ജില്ല കെ.എം.സി.സി

റിയാദ്: കാൻസർ രോഗത്തിന്റെ ഭീഷണിയിൽ കഴിയുന്ന നിരാലംബരായ സഹോദരങ്ങളുടെ എണ്ണം നാൾക്കുനാൾ കേരളത്തിൽ വർധിച്ചുകൊണ്ടിരിക്കുകയാണ്. ജീവിതത്തിന്റെ മുഴുവൻ പ്രതീക്ഷകൾക്കും വിടനൽകി ഏകാന്ത വിഹ്വലതകളുടെയും സ്വകാര്യ ദുഃഖങ്ങളുടെയും നടുവിൽ ജീവിതം തള്ളിനീക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് ചെറിയ ഒരു ആശ്വാസം നൽകാൻ റിയാദ് മലപ്പുറം ജില്ലാ കമ്മിറ്റി തീരുമാനിച്ചിരിക്കുകയാണ്. നമ്മുടെ നാടിന്റെ വിവിധ ഭാഗങ്ങളിൽ കാൻസർ രോഗം മൂലം ജീവിതം വഴിമുട്ടിയവർക്കും ചികിത്സിക്കാൻ ഒരുനേരത്തെ മരുന്നു വാങ്ങാൻ പ്രയാസപ്പെടുന്നവർക്കും ചെറിയ തോതിലെങ്കിലും കുറച്ചാളുകൾക്ക് സമാശ്വാസം നൽകുക എന്നതാണ് ഉദ്ദേശിക്കുന്നത്.മലപ്പുറം ജില്ലാപഞ്ചായത്തിന്റെയും പെയിൻ ആൻഡ് പാലിയേറ്റീവിന്റെയും നിർദേശത്തോടു കൂടെ സാമ്പത്തിക സഹായം, മരുന്ന് എന്നിവ എത്തിക്കും. ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തുടക്കം കുറിച്ച ശിഹാബ് തങ്ങൾ റിലീഫ് സെൽ കൊണ്ടുദ്ദേശിക്കുന്നത് കാൻസർ രോഗികളെ സഹായിക്കുന്നതിനൊപ്പം സമൂഹത്തിൽ



മലപ്പുറം ജില്ലാ കെ.എം.സി.സി ശിഹാബ് തങ്ങൾ റിലീഫ് സെല്ലിന്റെ ഭാഗമായി രോഗികൾക്ക് നൽകുന്ന ധനസഹായം സയ്യിദ് ഹൈദറലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു.

ഒറ്റപ്പെട്ടു കിടക്കുന്ന സഹോദരീസഹോദരന്മാരുടെ വേദനയിലും യാതനയിലും ചെറിയ സഹായം എത്തിക്കുക എന്നതാണ്. ജാതിമത വ്യത്യാസമില്ലാതെ ഏവരാലും ബഹുമാനിക്കപ്പെട്ടിരുന്ന ശിഹാബ് തങ്ങളുടെ നാമധേയത്തിലുള്ള ഈ റിലീഫ് സെല്ലിന് മുഴുവൻ പ്രവാസികളുടെയും സഹായം അഭ്യർഥിച്ചു. തെന്നല മൊയ്തീൻ കുട്ടി ചെയർമാനും നൗഷാദ് കട്ടുപ്പാറ കൺവീനറും സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ട്രഷററുമായ കമ്മിറ്റിയാണ് ശിഹാബ് തങ്ങൾ റിലീഫ് സെല്ലിന് നേതൃത്വം നൽകുന്നത്. ബത്ഹ ന്യൂസഫാമക്ക ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിന്റെ ഉദ്ഘാടനം സി.പി മുസ്തഫ ചെമ്മാട് നിർവഹിച്ചു. അബ്ദുസ്സമദ് കൊടിഞ്ഞി അധ്യക്ഷത വഹിച്ചു. റിലീഫ് സെല്ലിലേക്ക് ആദ്യഫണ്ട് നൽകി തെന്നല മൊയ്തീൻകുട്ടിക്ക് ഹുദ സ്കൂൾ ഓഫ് എജ്യുക്കേഷൻ മാനേജർ ടി.പി മുഹമ്മദ് ഉദ്ഘാടനം നിർവഹിച്ചു. കെ.എം.സി.സി നേതാക്കളായ അബ്ദുറഹ്മാൻ പൊന്മള, കെ.കെ കോയാമുഹാജി, ഷാജി ആലപ്പുഴ, വി.കെ മുഹമ്മദ്, ഉസ്മാനലി പാലത്തിങ്ങൽ, ബഷീർ പാണ്ടിക്കാട്, ബഷീർ മങ്കട, നാസർ മാസ്റ്റർ ന്യൂസഫാമക്ക, അൽ മുന ഇന്റർനാഷണൽ സ്കൂൾ പ്രിൻസിപ്പൽ മാമു മാസ്റ്റർ, യൂനുസ് സലീം താഴേക്കോട്, ഇഖ്ബാൽ കാവനൂർ, മുജീബ് ഇരുമ്പുഴി, അശ്റഫ് കൽപകഞ്ചേരി, അൻവർ കോർമത്ത് പ്രസംഗിച്ചു. ശുഐബ് പനങ്ങാങ്ങര സ്വാഗതവും തെന്നല മൊയ്തീൻ കുട്ടി നന്ദിയും പറഞ്ഞു.

പുതിയാപ്പിളക്കുട

കെ. അഹമ്മദ് കുട്ടി മദനി, അജ്മാൻ



പഴയ കാലത്തെ കല്യാണം; പുതിയാപ്പിള (മണവാളൻ) യുടെ വേഷത്തിന്റെ അവിഭാജ്യ ഘടകമായിരുന്നു ഒരു കുട. രാത്രിയിൽ പെട്രോമാക്സിന്റെ പ്രകാശത്തിൽ വെള്ളത്തുണിയും വെള്ളക്കുപ്പായവും കഴുത്തിൽ ഒരു വർണ്ണമാലയും ചാർത്തി തലയിൽ ഒരു ഉറുമാലും കെട്ടി കൂട്ടുകാർ കുട പിടിച്ചു പുതിയാപ്പിളയെ ഇറക്കുന്ന രംഗം വളരെ രസാവഹമായിരുന്നു. നാട്ടുകാരും കൂട്ടുകാരുമെല്ലാം വൈകുന്നേരം വരെ കൂലിപ്പണിക്കു പോകുന്നതിനാൽ, പണി കഴിഞ്ഞു വന്നതിന്നു ശേഷം രാത്രി കാലങ്ങളിലാണ് കല്യാണം നടന്നിരുന്നതെങ്കിലും പുതിയാപ്പിളയുടെ കുട വളരെ പ്രധാനപ്പെട്ട ഒരു ബാഹ്യ വേഷം തന്നെയായിരുന്നു. അതുകൊണ്ടു തന്നെ പുതിയാപ്പിളക്കുട ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട ഒരു വസ്തുവായിരുന്നു. കുട കുറച്ചുകാലം ഉപയോഗിക്കുമ്പോൾ കമ്പികൾ ഓരോന്നായി പൊട്ടും, അവയെല്ലാം മാറ്റുകയും ചെയ്യും. അപ്പോളും കുട പുതിയാപ്പിളക്കുട തന്നെ. അൽപം കഴിഞ്ഞു കുടയുടെ മരക്കാൽ ഒടിയും. അതും മാറ്റും. അപ്പോഴും കുട പുതിയാപ്പിളക്കുട തന്നെ. ഇടക്ക് കുടയുടെ റണ്ണർ പൊട്ടും, അതും മാറ്റും. അപ്പോഴും കുട പുതിയാപ്പിളക്കുട തന്നെ. അൽപം കഴിഞ്ഞാൽ പിടി പൊട്ടും. അതും പുതിയതൊന്നു വെക്കും. അപ്പോഴും കുട പുതിയാപ്പിളക്കുട തന്നെ. അൽപം കൂടി കഴിയുമ്പോൾ കുടയുടെ തുണി നരക്കുകയോ പിഞ്ഞുകയോ ചെയ്താൽ അതും മാറ്റും. അപ്പോഴും കുട പുതിയാപ്പിളക്കുട തന്നെ. ഇപ്പറഞ്ഞത് ഒരു പഴങ്കഥ. എന്നാൽ ഒരു പുതിയാപ്പിളക്കുട നമുക്കിടയിൽ വിലസി നടക്കുന്നുണ്ട്.

ആഗോള ഇസ്ലാമിക പ്രസ്ഥാനമാണത്. ജമാഅത്തെ ഇസ്ലാമി. തുടക്കത്തിൽ ഖുർആൻ ഭരണഘടനയാണെന്നു പറഞ്ഞു. നിയമ നിർമ്മാണാധികാരം അല്ലാഹുവിന്നു മാത്രമാണെന്നും വാദിച്ചു. നിയമ നിർമ്മാണധികാരത്തിലെ കൈകടത്തലുകൾക്കെതിരെ പൊരുതി. ജനാധിപത്യം, മതേതരത്വം എന്നിവ താഗൂത്താണെന്നു പ്രഖ്യാപിച്ചു നടന്നു. വോട്ടിങ്, തെരഞ്ഞെടുപ്പ്, അസംബ്ളി, പാർലമെന്റ് എന്നിവ ശിർക്കായി പ്രഖ്യാപിച്ചു. ദീനും ദുനിയാവും ഒന്നു തന്നെ ആയതിനാൽ മുസ്ലിംകൾക്ക് വേറെ രാഷ്ട്രീയ പാർട്ടി വേണ്ടെന്നു വാദിച്ചു. താഗൂത്തിനു പാദസേവ ചെയ്യുന്ന സർക്കാർ ജോലി രാജിവെച്ചു. ചിലർ താഗൂത്തിന്റെ കോടതിയിലെ ജഡ്ജ് ജോലി മുതൽ ശിപായിപ്പണി വരെ രാജിവെച്ചു. ചിലർ സർട്ടിഫിക്കറ്റുകൾ കീറിയും കത്തിച്ചും കളഞ്ഞു.

ഈജിപ്തിൽ മഴ പെയ്താൽ മുറ്റത്ത് കുട പിടിക്കാൻ തുടങ്ങി. ഈജിപ്തിലെ ഇഖ്വാനുൽ മുസ്ലിമൂൻ സംഘടനയും അതിന്റെ രക്തസാക്ഷികളെയും കൊണ്ടാടി നടന്നു. ഇസ്ലാമിന്റെ സാർവദേശീയ മുഖം ദർശിക്കാനുള്ള കണ്ണാടി ഞങ്ങളാണെന്ന ഭാവേന നടന്നു. സർക്കാർ പാഠശാലകളും കലാശാലകളും കൊലാലയങ്ങളാണെന്നു പറഞ്ഞു പുതിയ സ്ഥാപനങ്ങൾ തുടങ്ങി. പത്തരമാറ്റു തിളക്കത്തോടെ ജ്വലിച്ചുനിന്ന പുതിയാപ്പിളക്കുട കണ്ടു പലരും അന്ധാളിച്ചു പോയി. പാകിസ്ഥാനിൽ ജമാഅത്തെ ഇസ്ലാമി തെരഞ്ഞെടുപ്പിൽ മത്സരിച്ചു.

മിനി സ്കർട്ട് ധരിച്ചിരുന്ന ഫാത്തിമ ജിന്നക്കു പിന്തുണയും കൊടുത്തു. അപ്പോൾ അംഗങ്ങൾ ഉന്നയിച്ച ചോദ്യത്തിനു മറുപടി ഇതായിരുന്നു: അത് പാകിസ്ഥാൻ ജമാഅത്താണ്, നമ്മൾ ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിയാണ്. രണ്ടിനും രണ്ട് നയമാണ്. ആഗോള ഇസ്ലാം പൊളിയാൻ തുടങ്ങി. അതു കഴിഞ്ഞു കാശ്മീർ തെരഞ്ഞെടുപ്പിൽ ജമാഅത്ത് മത്സരിച്ചു. അപ്പോഴും ചിലർ ചോദ്യം ഉന്നയിച്ചു. അതിനും മറുപടിയുണ്ടായി. അത് കാശ്മീർ ജമാഅത്താണ്, നമ്മൾ ഇന്ത്യൻ ജമാഅത്തെ

ഇസ്‌ലാമിയാണ്. രണ്ടിനും രണ്ട് നയമാണ്. കരണം മറിച്ചിൽ അന്നു തന്നെ തുടങ്ങി. ആ മറിച്ചിൽ പിന്നെ പാർട്ടി നിർത്തിയിട്ടില്ല. ഒട്ടു നിർത്തുകയുമില്ല. കാരണം അധികാരത്തിന്റെ അപ്പക്കഷ്ണത്തിനുള്ള കുറുക്കു വഴിയാണല്ലോ ലക്ഷ്യം.

ആദ്യമാദ്യം സർക്കാർ ജോലികൾ സ്വീകരിച്ചു തുടങ്ങി. പിന്നീട് ബാങ്കു ജോലിയും. ദൈവത്തിന്റെ ഭൂമിയിൽ ദൈവീക ഭരണം എന്നു ചുവരെഴുത്തു നടത്തി വിപ്ലവം പ്രസംഗിച്ചു നടന്നു. അങ്ങിനെയിരിക്കെയാണ് ഇന്ത്യയിൽ ആഭ്യന്തര അടിയന്തിരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടത്. ഈ അടിയന്തിരാവസ്ഥയെ രാഷ്ട്രീയത്തിനപ്പുറത്തേക്ക് ഒന്നു വായിച്ചാൽ അത് ഇവരുടെ ഉദ്ദേശശുദ്ധി അളക്കാൻ അല്ലാഹു ഇറക്കിയ ഒരു പരീക്ഷണം മാത്രമായിരുന്നു എന്നു കാണാം.

അടിയന്തിരാവസ്ഥക്കാലത്ത് ജമാഅത്തെ ഇസ്‌ലാമിയെ നിരോധിച്ചു. നേതാക്കൾ ജയിലിലടക്കപ്പെട്ടു. ഇന്ത്യയിലെ മറ്റു പ്രതിപക്ഷ നേതാക്കളും ജയിലിലായി. രാഷ്ട്രീയം, രാഷ്ട്രീയക്കാർ എന്നൊക്കെ കേൾക്കുന്നതു തന്നെ ഇവർക്കു പരമ പുച്ഛമായിരുന്നു. പല രാഷ്ട്രീയ നേതാക്കൾക്കും സർക്കാർ പരോൾ അനുവദിച്ചു. എന്നാൽ തങ്ങളെ പൂർണമായി സ്വതന്ത്രരാക്കാതെ ജയിൽ വിട്ടു പോകുന്ന പ്രശ്നമില്ലെന്ന് അവർ പറഞ്ഞു. ആദർശത്തിന്റെ പൊന്നിൻ കുടങ്ങളായി നടന്നിരുന്ന ജമാഅത്ത് അമീറന്മാരും മുത്തഫിഖുകളും റുക്നുകളും സംഘടനയിൽ നിന്നു രാജിവെച്ചതായി എഴുതിക്കൊടുത്തു ജയിലിൽ നിന്നും പുറത്തിറങ്ങി. ചിലർ താടി വടിച്ച് തങ്ങളുടെ വേർപിരിയൽ കുറച്ചുകൂടി വ്യക്തമാക്കി. വിദ്യാർഥി സംഘടനയായിരുന്ന ഐ.എസ്.എൻ പിരിച്ചുവിട്ടു ധൈര്യം പ്രകടിപ്പിച്ചു. അടിയന്തരാവസ്ഥക്കാലത്തു നടന്ന തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്തു. അതുവരെ ഹറാമായിരുന്ന പലതും അതോടെ ഹലാലായി തുടങ്ങി. മുത്തഫിഖുകളും റുക്നുകളും തെരഞ്ഞെടുപ്പു റാലികളിൽ പങ്കെടുത്തു, ഇ.എം.എസ്, എ.കെ.ജി സുന്ദരർ സിന്ദാബാദ് എന്നു സഖാക്കൾ വിളിച്ചു കൊടുത്തത് വറ്റാത്ത ഇഖ്‌ലാസോടെ ഏറ്റുവിളിച്ചു.

അഖിലേന്ത്യ പ്രസിഡന്റ് ആയിരുന്ന മുഹമ്മദ് യൂസുഫിനെ ഡൽഹിയിൽ ജയിലിൽ നിന്നു മോചിപ്പിക്കാൻ തീവ്രശ്രമം നടത്തി പുറത്തു കൊണ്ടുവന്ന ലോക്സഭാ അംഗങ്ങളായിരുന്ന ഇബ്രാഹീം സുലൈമാൻ സേട്ട്, സി എച്ച് മുഹമ്മദ്കോയ എന്നിവർക്കെതിരെയും പ്രചാരണവും വോട്ടു പിടുത്തവും നടത്തി. അങ്ങിനെ പുതിയാപ്പിളക്കുടയായിത്തന്നെ തുടർന്നു. 1977ൽ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് തോറ്റു. അടിയന്തിരാവസ്ഥ പിൻവലിച്ചു. ഇന്ത്യയിലെ ആദ്യത്തെ കോൺഗ്രസിതര സർക്കാർ അധികാരത്തിൽ വന്നു. ആർ.എസ്.എസിനു സ്വാധീനമുള്ള ജനതാ സർക്കാർ ആയിരുന്നു അധികാരത്തിൽ വന്നത്. ഇന്ത്യയുടെ ആഭ്യന്തരം, വിദേശകാര്യം, വിദ്യാഭ്യാസം എന്നിവ ആർ.എസ്.എസുകാർ കൈകാര്യം ചെയ്തു. ജയിലിൽ വെച്ച് വുളു എടുക്കാൻ വെള്ളമൊഴിച്ചു തന്നു എന്ന കാരണം പറഞ്ഞു ആർ.എസ്.എസ് നേതാക്കൾക്ക് ജമാഅത്തുകാർ സ്വീകരണം നൽകി കൂറു പ്രഖ്യാപിച്ചു.

പട്ടാള അട്ടിമറിയിലൂടെ പാക്കിസ്ഥാനിൽ അധികാരമേറ്റ ജനറൽ സിയാവുൽ ഹഖിനെ കുറെ കാലം ചുമലിലേറ്റി നടന്നു. അവസാനം താഴെ ഇടുകയും ചെയ്തു. ഇറാനിൽ നടന്ന ശീഅ: വിപ്ലവത്തെ ഇസ്‌ലാമികവത്ക്കരിച്ചു. ഖുമൈനിയുടെ ദീർഘകായ ബഹുവർണ്ണ ചിത്രങ്ങൾ ജമാഅത്തു സമ്മേളനങ്ങളിലെ മുഖ്യ ആകർഷണ ഇനമായി മാറി. ഖുമൈനി, അലി ശരീഅത്തി എന്നിവരുടെ സാഹിത്യത്തിന്റെ മൊത്തക്കച്ചവടം ഏറ്റെടുത്തു നടത്തി. ശിയാക്കളുടെ യഥാർഥ മുഖം വ്യക്തമായപ്പോൾ ഇറാനെ കൈവിട്ടു. എന്നാൽ തങ്ങൾ വളർത്തിക്കൊണ്ടുവന്ന സിമി എന്ന യുവനിര ഇറാൻ പക്ഷത്തു തന്നെ ഉറച്ചു നിന്നു. അങ്ങനെ ജമാഅത്ത് പിളർന്നു.

സിമി പ്രവർത്തകർക്കു പ്രായം തികഞ്ഞപ്പോൾ അവർക്കു ചേക്കേറാൻ മാതൃസംഘടനയില്ലാതായി. അങ്ങനെ ഇറാനിന്റെ സഹായത്തോടെ അവർ എൻ.ഡി.എഫ് രൂപീകരിക്കപ്പെട്ടു. ഇറാൻ ആശയവും സഹായവും ഇപ്പോഴും ഉപയോഗിച്ചു വരുന്നു.

സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സമാന്തരമായി ഉണ്ടാക്കിയ സ്ഥാപനങ്ങൾ സർക്കാർ അംഗീകൃത സർവകലാശാലകളുടെ ഡിഗ്രികൾ നൽകുന്ന കേന്ദ്രങ്ങളായി മാറി. സർക്കാർ ഹയർ സെക്കന്ററി സ്കൂൾ അനുവദിച്ചു കൊടുക്കാത്തതിൽ പരാതിയും പരിഭവവും ഉന്നയിക്കുന്നതു വരെ കാര്യങ്ങൾ എത്തി നിൽക്കുന്നു.

സർക്കാർ ജോലി താഗുത്തിനുള്ള ഇബാദത്തായി കണ്ടവർ സംവരണത്തിന്നു വേണ്ടി വാദിക്കാനും ജാഥ നടത്താനും തുടങ്ങി. ജനാധിപത്യത്തിൽ നിയമ നിർമ്മാണാധികാരം ഭൂരിപക്ഷത്തിനായതിനാൽ അത് അല്ലാഹുവിന്റെ ഹാകിമിൽ (നിയനിർമ്മാണാധികാര)ത്തിൽ കൈകടത്തലാണെന്നു പറഞ്ഞവർ മൂല്യം നോക്കി വോട്ടു ചെയ്തു. അവസാനം മുന്നണിക്കു മൂല്യം നിശ്ചയിച്ചു പിന്തുണ പതിച്ചു നൽകി. സർക്കാർ കമ്മിറ്റികളിൽ അംഗത്വത്തിനായി നെട്ടോട്ടമോടി. പലജാതി വേദികളും രൂപീകരിച്ചു വേഷം കെട്ടി നടന്നു. സച്ചാർ റിപ്പോർട്ടു നടപ്പാക്കാനുള്ള പാലോളിക്കമ്മിറ്റിയിൽ ഇടം കിട്ടിയതോടെ ലോകം ജയിച്ചടക്കിയ ഗമയിലായി നടത്തം. എന്നാൽ ആ കമ്മിറ്റി വഴി സമുദായത്തിനു ഒന്നും ചെയ്യാൻ കഴിയാതെ വന്നപ്പോൾ, കമ്മിറ്റിയിൽ നിന്നു രാജി വെക്കാതെ തന്നെ എസ്.ഐ.ഒ ക്കാരെക്കൊണ്ട് പോസ്റ്റർ യുദ്ധം നടത്തി നോക്കി. എസ്.ഐ.ഒക്ക് വിപ്ലവം പോരാത്തതു കൊണ്ട് ചിലർ സോളിഡാരിറ്റി എന്ന യുവജന സംഘടന യുണ്ടാക്കി സമരം നടത്തി.

അവസാനം തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ നേരിട്ടു മത്സരിച്ചു. കേരളത്തിലെ പതിനായിരത്തോളം വരുന്ന ഗ്രാമപ്പഞ്ചായത്തു വാർഡുകളിൽ രണ്ടായിരം വാർഡുകളിൽ വികസനമുന്നണി എന്ന മുനാഫിഖ് മുന്നണി മത്സരിച്ചു. ഈ രണ്ടായിരം പേർ ജയിക്കേണ്ടതിന്റെ ആവശ്യകത വിളിച്ചറിയിച്ചു കോണ്ട് ഒ. അബ്ദുറഹിമാനെപ്പോലെയുള്ള ചില സാംസ്കാരിക നായകന്മാർ പ്രസ്താവനയിറക്കി. അവസാനം ഒരു കാറിൽ കയറാനുള്ള ആളുപോലും ജയിച്ചില്ല. അസ്ഹാബുൽ കഹ്ഫിന്റെ കഥ പറയും പോലെ സബ:അത്തുൻ വസാമിനുഹും കൽബുഹും (ഏഴാളും എട്ടാമതായി അവരുടെ നായയും) എന്നു പറഞ്ഞതു പോലെയായി. പലർക്കും കിട്ടിയത് ഒരു വോട്ടു മാത്രം. കാരണം തെരഞ്ഞെടുപ്പു പ്രചാരണ സമയത്തു പറഞ്ഞത് മാറ്റത്തിന്ന് ഒരു വോട്ട് എന്നായിരുന്നു. അതുകൊണ്ടു തന്നെ ജനം അതു അറിഞ്ഞു വോട്ടു ചെയ്തു. അങ്ങനെ ഹാകിമിയത്തിലെ ശിർക് ഇപ്പോഴും ചെയ്തു കൊണ്ടേയിരിക്കുന്നു. ഒടുവിൽ ഇതിനുള്ള മുന്നൊരുക്കമെന്ന നിലയിൽ സ്ഥാപക നേതാവ് മൗദൂദിയെ തന്നെ അമീർ ആരിഫലി കണ്ണൂരിൽ വച്ചു പത്രസമ്മേളനത്തിൽ തള്ളിപ്പറഞ്ഞു. ദീനും ദുൻയാവും ഒന്നാണെന്നു വായിട്ടടിച്ചവർ ദുൻയാ കാര്യങ്ങൾ കൈകാര്യം ചെയ്യാനായി ഇന്ത്യൻ വെൽഫെയർ പാർട്ടി രൂപീകരിച്ചു. ആഗോള ഭാവം നടിച്ചവർ ഈജിപ്തിലെ ഇഖ്‌വാനുൽ മുസ്‌ലിമൂനിന്റെ പേരിൽ മേനി നടിച്ചു നടക്കുകയായിരുന്നു. അറബ് രാജ്യങ്ങളിലെ ജനകീയ പ്രക്ഷോഭങ്ങൾക്കു ശേഷം ഈജിപ്തിൽ ഇഖ്‌വാനികൾ അധികാരത്തിലേറി.

തൗഹീദുൽ ഹാകിമിയ്യത്ത് നടപ്പാക്കാൻ പരിശുദ്ധ ഖുർആൻ ഭരണഘടനയായി അംഗീകരിക്കണമെന്നു പറഞ്ഞവർ ഹുസ്നീ മുബാറക്കിന്റെ ഭരണഘടനയിലെ തെറ്റായ ഭാഗങ്ങൾ മാറ്റി ഭരണം നടത്തുവാൻ പോകുന്നു. ഏറ്റവും നല്ല ഭരണ സംവിധാനം മതേതരജനാധിപത്യമാണെന്ന് സയ്യിദ് ഗനൂഷിയെപ്പോലെയുള്ള നേതാക്കൾ വിളിച്ചു പറഞ്ഞു നടക്കുന്നു. ഇതെല്ലം തങ്ങളുടെ കൂടി ശക്തിയാണെന്നു പറഞ്ഞു ഞാഞ്ഞൂലിന്റെ വീമ്പു പറയലുമായി ജമാഅത്തുകാർ ഇപ്പോഴും കേരളത്തിൽ കുട പിടിച്ചു നടക്കുന്നു. കുട ഇപ്പോഴും പുതിയാപ്പിളക്കുടതന്നെ!



ABC

No. 1 in KSA

ABC CARGO

DOOR TO DOOR SERVICE IN ALL OVER INDIA

Good Packing - Speed Delivery - 100 % Safety

Direct Delivery by ABC in all India

Our Service Available in Nesto Hyper Market - 0543 412574

H.O. RIYADH: Tel.: 01 4044255 - 4036942 - 4081252, 4121335, Fax : 01 4122893 - Mob.: 0502480916 - 0551037981
JEDDAH: Tel.: 02 6306311 - 6306610, 2893542, 6477664 - Mob.: 0536200048 - 0558402400
DAMMAM: Tel.: 03 8327407 - 8310772 - 8283003 - Fax: 03 8338326 - Mob.: 0556469499 - 0536750913 - 0538876215
AL-KHOBAR: Near LuLu Hyper Market - Tel.: 03 8647273 - Fax : 03 8338326 - Mob.: 0552978889 - 0533394002
JUBAIL: King Abdul Aziz Street - Street No. 12 - Tel: 03 3626870 Fax : 03 8338326 - Mob.: 0553028889 - 0506925888
AL HASA: Mahboob Building - King Street - Near Hofuf Taxi Stand - Tel.: 03-5844711 - Mob.: 0537329920 - 0537329925
MAKKAH: Sitheen Street - Near Bridge - Tel.: 02-5472169 - Fax: 02- 2893542 - Mob.: 0568977786 - 0530022487
BURAIDAH: Vahida Street - Near Kerala Market & STC - Tel.: 06-3258946 - Mob.: 0548281372 - 0592630241

India : 0091 483 2858484 - 2858188 - E-mail: sales@abccargogcc.com

Track your cargo on our website: www.abccargogcc.com



ഇബ്നു കോയക്കുട്ടി
ന്യൂ മാഹി (ജിദ്ദ)

മാതൃത്വം

സന്ധ്യ മയങ്ങുന്നു. ചക്രവാള സീമ അങ്ങകലെ മാഞ്ഞു. ഇരുട്ട് പകലിനെ മെല്ലെ ആവരണം ചെയ്തു കൊണ്ടിരിക്കുന്നു. ചീവീടുകളുടെ കരച്ചിൽ കേൾക്കാം.

രാ... രീ... രോ... മാതൃത്വത്തിൽ നിന്നും മുലപ്പാലിനു ശേഷമുള്ള അമൂല്യ നിധി. ആത്മാർത്ഥതയുടെ പ്രതീകാത്മക സ്വരം. ഇരുട്ടിനെ കീറി മുറിച്ചു അനന്തമായി, അനസ്യൂതമായി ഒഴുകിയെത്തുന്നു, ശബ്ദമാധുരിയിലൊരു താരാട്ട്; ചീവീടുകളുടെ ശബ്ദത്തെ അതിജയിക്കുന്നീ സ്വരം. താരാട്ട് മാത്രം ചെവിയോർത്തുറങ്ങുന്ന പിഞ്ചു പൈതൽ, കട്ടപിടിച്ചു വരുന്ന ഇരുട്ടിന്റെ നിറം അവൻ കാണുന്നില്ല. ഉറക്കമില്ലായ്മ സമ്മാനിച്ച ഉമ്മയുടെ ചുവന്നു കലങ്ങിയ കണ്ണുകൾ, കനം തൂങ്ങുന്ന കൺപോളകൾ, അതിന്റെ പിന്നിലെ ദുഃഖം ഒന്നും അവൻ അറിയുന്നില്ല. ശാന്തസുന്ദരമായി അവനുറങ്ങുന്നു! ചുണ്ടിൽ പറ്റി നിന്ന പാൽ മുത്തുമണികളെ വിരൽത്തുമ്പിനാൽ ഒപ്പിയെടുത്ത്, പിഞ്ചുകൺപോളകളിൽ ഉറ്റുനോക്കുകയാണ് ഉമ്മ. മെല്ലെ വിരിയുന്ന കമലദളങ്ങളെക്കാൾ മനോഹരമായി സന്തോഷത്തിന്റെ പാൽപുഞ്ചിരികളും സന്താപത്തിന്റെ വാടിയ മലരുകളും സമ്മിശ്രമായി വിരിയുന്ന പിഞ്ചു മുഖം. ആ മുഖപേശികൾ ഉമ്മയുമായി ശബ്ദമില്ലാതെ സംസാരിച്ചു തുടങ്ങി. ഇടക്ക് അവനൊന്നു ഞെട്ടി. കൈകാലുകൾ പെട്ടെന്ന് മുകളിലേക്ക് ആഞ്ഞു. കൺപോളകൾ തുറക്കപ്പെട്ടു. ആകാംക്ഷയോടെ തന്നെ ഉറ്റു നോക്കുന്ന ഉമ്മയെ അവൻ കണ്ടു. താരാട്ടിന്റെ സ്വരമുയർന്നു , ഈണം മുറുകി.

ലാഇലാഹ ഇല്ലല്ലാഹ്
ലാഇലാഹ ഇല്ലല്ലാഹ്
ഹസ്ബീ റബ്ബീ ജല്ലല്ലാഹ്
മാഫീ ഖൽബീ ഗൈറുല്ലാഹ്
നൂറു മുഹമ്മദ് സല്ലല്ലാഹ്
ഹഖ്, ലാഇലാഹ ഇല്ലല്ലാഹ്

ശബ്ദമാധുരി അവന്റെ കൺപോളകളെ; ശരീരാവയവങ്ങളെ ഓരോന്നായി വീണ്ടും കീഴ്പ്പെടുത്തി. എങ്കിലും കാതുകൾ ഉണർന്നുതന്നെ ഇരുന്നു. നേരത്തെ ഉണർന്ന, ഉണർവിന്റെ പിന്നിലുള്ള ഹൃദയവും മസ്തിഷ്കവും അവനുമായി സംവദിച്ചു. ആ താരാട്ട്, അതിന്റെ ഈണം, അർത്ഥം, ആത്മാർത്ഥത, ഉമ്മ അനുഭവിക്കുന്ന വേദന, പ്രയാസങ്ങൾ എല്ലാം ഒരദൃശ്യ ശക്തി അവന്റെ കാതിൽ മന്ത്രിച്ചു.

അവനത് ഉൾക്കൊണ്ടു, ആ പിഞ്ചു പൈതലിന് എല്ലാം മനസ്സിലാവുന്നു. എന്റെ ഉമ്മാ, സമാധാനിക്കുക ഈ പിഞ്ചു കൈകൾ വളരട്ടെ. ഈ കുഞ്ഞി കാലുകൾ, വളരട്ടെ അപ്പോ?... താങ്ങായി ... തണലായി ... ഞാനുണ്ട് ... ഈ കുഞ്ഞു മോനുണ്ട്... അതുവരെ ക്ഷമിക്കുക... എനിക്ക് ഉമ്മയിലൂടെ എന്റെ സ്രഷ്ടാവിങ്കലേക്ക് എത്തണം ... ആ പാദങ്ങളുടെ അടിയിലൊളിപ്പിച്ച സ്വർഗ്ഗത്തിലെത്തണം. പെട്ടെന്ന് താരാട്ട് നിലച്ചു!! മാതൃഹൃദയം പിടഞ്ഞു!! എങ്ങോ നഷ്ടപ്പെട്ട തന്റെ മാതാവിന്റെ കാലുകളെക്കുറിച്ചോർത്ത് ആ ഉമ്മ വിതുമ്പി! യാ റബ്ബ് ! ഒരു വേള..... ഇവനെ സ്നേഹിക്കുന്നതിനേക്കാൾ കൂടുതൽ... എങ്കിൽ അതെത്രയായിരുന്നിരിക്കണം? യുഗയുഗാന്തരങ്ങളുടെ വിചിന്തനശൃംഖല! ആ കുഞ്ഞുമുഖം ദശാബ്ദങ്ങൾക്ക് മുമ്പുള്ള തന്റെ സ്വന്തം മുഖമായി പരിണമിച്ചു. അമ്പരപ്പോടെ തന്റെ സ്വന്തം കുഞ്ഞു മുഖമെന്ന തിരിച്ചറിവിലേക്ക് ഉമ്മ നോക്കി. ആ സത്യത്തെ സാംശ്വീകരിക്കാൻ ശ്രമിച്ചപ്പോൾ കരച്ചിലടക്കാനായില്ല! ആറു ദശാബ്ദങ്ങൾ തേഞ്ഞില്ലാതാക്കിയ ആ കാൽപാദങ്ങളിൽ രണ്ടിറ്റ് ചുടുബാഷ്പം. രണ്ടു മഴത്തുള്ളികളായി അത് പെയ്തിറങ്ങിയത് അവന്റെ മുഖത്തും. പ്രഭാതത്തിൽ വിരിഞ്ഞ മഞ്ഞുതുള്ളികൾ പോലെ അവ രണ്ടും പ്രകാശിച്ചു. അമൂല്യമായ രണ്ടു മുത്തു മണികൾ!! അറിവില്ലെങ്കിലും മക്കൾ കോടികൾ ചിലവഴിച്ചു തടഞ്ഞു നിർത്തേണ്ട ബാഷ്പകണങ്ങൾ. വിലമതിക്കാനാവാത്ത മാതൃമണിമുത്തുകൾ!!

രണ്ടു മുത്തു മണികൾ! അവന്റെ മുഖത്തേയും ശരീരത്തേയും ഞെട്ടിച്ചു. അവൻ ഉണർന്ന് നനഞ്ഞ രണ്ടു കണ്ണുകളിലേക്ക് നോക്കി. വൈധവ്യത്തിന്റെ ഏകാന്തതയിലേക്കും അതിന്റെ പാരവശ്യത്തിലേക്കും നോക്കി. പിന്നീട് അവൻ പുഞ്ചിരിച്ചു. പല്ലില്ലാത്ത മോണ കാട്ടി വാമലർക്കെ വെളുവെളുക്കെ ചിരിച്ചു. മനസ്സിൽ സന്തോഷത്തിന്റെ ഒരായിരം പേമാരിയായി ആ പുഞ്ചിരി; ഉമ്മയിൽ! എല്ലാം മറന്ന നിമിഷങ്ങൾ സംവൽസരങ്ങളുടെ ദു:ഖങ്ങളെ ബാഷ്പീകരിച്ചെടുത്തു. തന്റെ നടുവിരൽ തുമ്പിനാൽ അവന്റെ മുഖത്ത് തിളങ്ങി നിന്ന ബാഷ്പകണങ്ങൾ ശ്രദ്ധയോടെ ഒപ്പിയെടുത്തു. കൂടുതൽ ചിരിക്കാൻ കൺപോളകൾ അവനെ അനുവദിച്ചില്ല. അവക്ക് കനം തൂങ്ങുന്നു. ഒരു തിരശ്ശീല എന്നോണം അത് കൂമ്പിയയഞ്ഞു കൊണ്ടേയിരുന്നു. തിരശ്ശീലകൾക്കപ്പുറം അനുരോധമായി മിന്നിമറയുന്നു ഉമ്മയുടെ നനവാർന്ന മുഖം രണ്ട് കൈകൊണ്ടും മകനെ വാരിപ്പുണർന്നു. തോളോട് ചേർത്തു പിടിച്ചു മൂർദ്ധാവിൽ ചുടുചുംബനങ്ങളർപ്പിച്ചു. മൃദുല മേനിയിൽ വലതു കൈ താളാത്മകമായി താരാട്ടിനെ അനുഗമിച്ചു. മൂന്നു ദശാബ്ദങ്ങൾ മുറിവേൽപ്പിച്ച ആ കാലടിപ്പാദങ്ങൾ വരാന്തയുടെ നീളമളക്കാൻ തുടങ്ങി.

പേറ്റു നോവമ്മയ്ക്കന്നു മാതൃത്വമായി
നോവിച്ചില്ലെന്നെയന്നിന്നോളം അമ്മ.
ഹോമിച്ചാ ജീവിതം പിന്നീടെനിക്കായ്
പകരമാ പാദങ്ങളിൽ സമർപ്പിച്ചു ഞാനെന്നെ.
ഊട്ടുമെന്നമ്മ ചീർക്കുമെൻ വയറോളം
വെള്ളം കുടിച്ചെന്നോട് കള്ളം പറഞ്ഞിടും
സംവത്സരം താണ്ടിയാ ത്യാഗിതൻ സേവ
കല്ലിലും മുള്ളിലുമാ പൊൻമേനിയെൻ മെത്ത
നീയടുത്തുണ്ടെങ്കിലെന്തു സുന്ദരമാം ഭൂമിയീ
ജീവിച്ചു കൊതി തീർന്നില്ലെനിക്കെന്റെയമ്മേ..

ഡിസംബർ ഡയറി

ബാബരി മസ്ജിദ്:

ഇന്ത്യൻ മതേതരത്വത്തിനും പാരമ്പര്യത്തിനും തീരാകളങ്കം ചാർത്തി വർഗ്ഗീയ ഫാഷിസ്റ്റുകൾ തിമിർത്താടിയപ്പോൾ നൂറ്റാുകളുടെ ചരിത്രമുറങ്ങിയ ബാബരി മസ്ജിദ് ഡിസംബർ 6 ന് തകർക്കപ്പെട്ടു. ഭരണാധികാരികളും മതേതര വിശ്വാസമുള്ള ഓരോ ഇന്ത്യൻ പൗരനും കഴുകികളയാൻ കഴിയാത്ത പാപത്തിന്റെ കുറ്റബോധവുമായി ലോകത്തിന് മുമ്പിൽ തലകുനിച്ച് നിന്നു.





പി. സീതിഹാജി

കേരള ഗവൺമെന്റ് ചീഫ് വിപ്പായിരിക്കെ 1991 ഡിസംബർ 5 ന് അർബുദ രോഗബാധിതനായി മരണപ്പെട്ടു. സമുദായത്തിന്റെയും സാധാരണക്കാരുടെയും മനസ്സറിഞ്ഞ നേതാവ്... സരസ ശൈലികൊണ്ടും ധീരമായ നടപടികളിലും ചരിത്രത്തിൽ മായാതെ തിളങ്ങി നിൽക്കുന്ന നേതാവ്.....ഇന്നത്തെ ചരിത്രബിന്ദു... നാളെയുടെ പ്രചോദനം.



കെ. കരുണാകരൻ

കേരള രാഷ്ട്രീയത്തിലെ ഇതിഹാസമായിരുന്ന ലീഡർ കെ. കരുണാകരൻ 2010 ഡിസംബർ 23 ന് മരണപ്പെട്ടു. യു.ഡി.എഫിന്റെ നായകൻ, നിശ്ചയദാർഢ്യത്തിന്റെ പര്യായം, വികസന നായകൻ,മതേതരത്വം ഉയർത്തിപ്പിടിച്ച നേതാവ് തുടങ്ങി വിശേഷണങ്ങളേറെയുണ്ടായിരുന്ന ലീഡറുടെ വിയോഗം കേരള രാഷ്ട്രീയത്തിന് തീരാനഷ്ടം തന്നെയാണ്.

ചിത്ര രചന



Muhammed Dilsahd .K, STD 4th,
Al Hidayath English School Kondotty



റഫീഖ് ഹസ്സൻ
വെട്ടത്തൂർ

ഹൃദ്യം, സുന്ദരം..ഈ യാത്ര...,

മുൻമന്ത്രിയും മുസ്‌ലിം ലീഗ് നേതാവുമായ അഡ്വ. നാലകത്ത് സൂപ്പി സാഹിബ് റിയാദ് സന്ദർശിക്കുന്നതിന്റെ ഭാഗമായി ഇവിടെ എത്തിയ അദ്ദേഹത്തിന്റെ സന്ദർശന ചാർട്ടിൽ അവിചാരിതമായി കടന്നുവന്നതാണ് താദിഖി വിനോദ യാത്ര.

മനുഷ്യമനസുകൾക്ക് ചിന്തിക്കുവാൻ പോലും പ്രയാസമായ ഒന്നിനെ ഒരു സൗദി അമീർ തന്റെ മാത്രം ഭാവനയിൽ കണ്ടത് 20,000 ത്തോളം ഏക്കർ മരുഭൂമിയിൽ തീർത്തിരിക്കുകയാണ് താദിഖിൽ.

കാഴ്ചകളുടെ സങ്കേതമായി ഇവിടെ മനസുകൾക്ക് ഹൃദ്യമായി ഇത്തിരി മണിക്കൂറുകളിലെ വിനോദ യാത്ര. സൂപ്പി സാഹിബിന്റെ ചിരകാലഭിലാഷമായിരുന്നു റിയാദ് സന്ദർശനം. തനിക്ക് റിയാദിൽ ലഭിച്ച സ്വീകരണങ്ങളും ഉദ്ഘാടനങ്ങളും മറക്കുവാൻ പറ്റില്ല എന്ന് കെ.എം. സി.സി. പ്രവർത്തകരോടൊപ്പം ഒരു ആഴ്ചക്കാലം റിയാദിൽ കഴിഞ്ഞ അദ്ദേഹം ബത്ഹയിൽ നിന്നും താദിഖിലേക്കുള്ള യാത്രയിൽ പറഞ്ഞ് കൊണ്ടേയിരുന്നു. കെ.എം. സി.സി. നേതാവും മുസ്‌ലിം ലീഗിന്റേതടക്കമുള്ള പ്രസംഗ പീഠങ്ങളിൽ കത്തിജ്വലിക്കുന്ന യുവ വാഗ്മിയും, സ്ഥിരം ക്ഷണിതാവും എന്റെ ജ്യേഷ്ടസഹോദര തുല്യനുമായ തിരൂരങ്ങാടിയിലെ എ.കെ മുസ്തഫ സാഹിബ്, മഞ്ചേരി മാതൃഭൂമി ലേഖകനും അധ്യാപകനും സൂപ്പി സാഹിബിന്റെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടിരുന്ന ഷുക്കൂറും ഞങ്ങളോടൊപ്പമുണ്ട്.

സൗദി ഭരണാധികാരി അബ്ദുള്ള രാജാവിന്റെ സഹോദരി ഭർത്താവായ അമീർ ബന്തർ ബിൻ മുഹമ്മദ് ബിൻ അബ്ദുറഹിമാന്റെ ചിന്തകളിൽ ഉൾതിരിഞ്ഞതാണ് താദിഖ്. ബത്ഹയിൽ നിന്നും 250 കിലോമീറ്ററുകൾക്കപ്പുറത്തുള്ള ഇവിടത്തെ ദൃശ്യങ്ങൾ ഒത്തിരി അത്ഭുതമുളവാക്കും.

കണ്ണൂർ ചക്കരക്കല്ലിലെ എൻ. സി മുഹമ്മദാണ് വിനോദകെന്ദ്രത്തിന്റെ മാനേജർ. അദ്ദേഹമാണ് ഞങ്ങളെ അവിടേക്ക് ക്ഷണിച്ച് ഒരു കാർ ബത്ഹയിലേക്കയച്ചത്. എൻ. സി . കെ.എം.സി.സി. നേതാവയതിനാൽ കേരളത്തിലെ പല പ്രമുഖർക്കും ഇവിടെ സന്ദർശിക്കുവാനായി.

സൂപ്പി സാഹിബിനും കൂടെയുള്ള ഞങ്ങൾക്കും സ്നേഹനിധിയായ എൻ. സി ഒരോ കാഴ്ചകൾ കാണിച്ചും വിവരിച്ചും നല്കുമ്പോൾ അത്ഭുതങ്ങളുടെ വാതായനങ്ങൾക്ക് അതിരുകളില്ല എന്ന യാഥാർത്ഥ്യം അന്വർത്ഥമാവുകയായിരുന്നു.

ആദ്യം ഞങ്ങൾ പോയത് മൃഗശാലയിലേക്കാണ്. ഇവിടെ രണ്ട് കിന്റലോളം തൂക്കമുള്ള ഒട്ടകപക്ഷികൾ, കലമാനുകൾ, കെയയാടുകൾ, കോവർ കഴുത, വെള്ള കുതിര, പുള്ളിമാൻ, കാട്ട്പോത്ത്, ടർക്കി പക്ഷികൾ, മയിലുകൾ, വാനരർ എന്നിവ ഈ മൃഗശാലയെ സമ്പൂർണ്ണമാക്കുന്നു.

മൃഗശാല നമ്മുടെ നാട്ടിലെ പോലെ ചെറിയതല്ല. അവർക്ക് തിന്നുവാനും മേയുവാനും വേണ്ടി വിശാലമായ സ്ഥലത്ത് മരങ്ങളും പുല്ലുകളും വെച്ച് പിടിപ്പിച്ചിട്ടുണ്ട്. അത് കൊണ്ട് കാട്ടുജീവികളെ കൂട്ടിലിട്ടാലുണ്ടാവുന്ന ഗൃഹാതുരത്വം ഇവർക്കുണ്ടാവില്ലെന്ന് ഉറപ്പാണ്.

കലമാനുകൾക്കും, കെയയാടുകൾക്കും താമസിക്കുവാൻ കൂറ്റൻ പാറക്കൂട്ടങ്ങൾ ക്രയിൻ ഉപയോഗിച്ച് അടുക്കിവച്ചിരിക്കുന്നു. ഇതിനുള്ളിലെ വിടവുകളിൽ ചിലർ വിശ്രമിക്കുന്നുണ്ട്.

കാലുകൾ പത്തടിയോളം നീളമുള്ള ഒട്ടകപക്ഷിക്കൂട്ടം ഞങ്ങളെ കണ്ടയുടനെ ആദ്യം ഓടിയെങ്കിലും എ.കെ യുടെയും എന്റെയും മൊബൈൽ ഫോൺ വഴി പടമെടുക്കുവാനുള്ള ശ്രമത്തിനായി അവർ പിന്നീട് പോസ് ചെയ്തു. ഒട്ടകപക്ഷി കുഞ്ഞുങ്ങൾക്ക് ഏറെ ധൈര്യമുള്ളത് പോലെ തോന്നി.

വിശാലതയാണ് ഇവരുടെ ഉല്ലാസ ജീവിതം. കൊച്ചു അരുവികളിലൂടെ ഇവർക്ക് കളിക്കുവാനും കുടിക്കുവാനും സൗകര്യം തീർത്തിരിക്കുന്നു. ഏക്കറോളം സ്ഥലത്ത് തീർത്ത കാവുകളും, നിറയെ പച്ച പുല്ലുകളും, ഈ കൊച്ചു കാഴ്ചകൾ കണ്ണുകൾക്ക് ആനന്ദകരമാണ്. മനസ്സിന് ഉണർവ്വാണ്. മൃഗശാലയിലെ സന്ദർശന ശേഷം








ഞങ്ങൾ നേരെ പോയത് ഇവിടെ തന്നെയുള്ള കൃഷി സ്ഥലത്തേക്കാണ്.

ഇവിടേക്കുള്ള സന്ദർശനം പൊതുജനങ്ങൾക്ക് നിരോധിച്ചിരിക്കുന്നു. രാജകുടുംബാംഗങ്ങളിലെ സ്ത്രീകൾ കുട്ടികൾ എന്നിവർക്കുള്ളതാണ്. കുട്ടികൾക്കായി നിർമ്മിച്ച പൂന്തോപ്പുകളുണ്ട്, കളിപൊയ്കകളുണ്ട്. ഭീമൻ മഴവെള്ള സംഭരണി ഇതിനോട് ചേർന്ന് കിടക്കുകയാണ്. മുന്തിരി പാടങ്ങളും ഗാനങ്ങളിൽ ആസ്വദിക്കുന്നതിന്റെ അപ്പുറത്തായിരുന്നു യഥാർത്ഥ മുന്തിരി പാടങ്ങൾ.

പച്ച പിടിച്ച വള്ളികളിൽ മുന്തിരി പാകമായി നിൽക്കുന്നതും ഞങ്ങൾ കൈ എത്തുന്ന ഉയരത്തിൽ നിന്നും പറിച്ച് കഴിച്ചു. ഒത്തിരി സ്വാദുള്ള മുന്തിരി എങ്ങനെ വളരുന്നുവെന്ന് അനുഭവത്തിലൂടെ ഞങ്ങൾ മനസ്സിലാക്കി. ഇവിടെ പ്രവാസികൾ പരിതപിക്കുന്ന മണലാരിണ്യമല്ല ദൈവത്തിന്റെ നാട് എന്ന് പറയുന്ന കേരളത്തെയാണ് ഓർമ്മയിൽ ഓടിയെത്തുന്നത്. ഇവിടെ സന്ദർശിച്ച പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പറഞ്ഞത് താദിഖ് തന്റെ ജീവിത്തിലെ വേറിട്ട അനുഭവമായി എന്നും നിലകൊള്ളുമെന്നാണ്. താദിഖിലെ കാഴ്ചകൾ ഒരിക്കൽ അദ്ദേഹം എന്നോട് സൂചിപ്പിച്ചിട്ടുണ്ട്.

24 വർഷമായി ഈ വിനോദകേന്ദ്രത്തിന്റെ വികസന പ്രവർത്തനങ്ങൾ നടന്ന് വരികയാണ്. വിവിധ കൃഷികൾ നടത്തി ഒരു നാടിന്റെ സമ്പൂർണ്ണ കൃഷി സംസ്കാര രീതിയും ഉയർത്തി പിടിക്കുവാൻ ഈ സൗദി പ്രത്യേകം ശ്രദ്ധിച്ചിരിക്കുന്നു.

കൃഷിചെയ്യുന്ന വയലുകളിലേക്ക് ഭീമൻ മെഷീനുകളിൽ ഘടിപ്പിച്ച പൈപ്പുകൾ ടയറിന്റെ സഹായത്തോടെ തിരിഞ്ഞ് വെള്ളം സ്പ്രേ ചെയ്യുന്നു. 24 മണിക്കൂർ കൊണ്ട് പത്ത് ഏക്കർ കൃഷിയിടം ഇങ്ങനെ ഈർപ്പമുള്ളതാക്കി നിലനിർത്തുകയാണ്. ഏറ ശക്തിയുള്ള എ.സികൾ പ്രവർത്തിച്ചാണ് പച്ചക്കറി കൃഷി നടത്തുന്നത്. ശീതളമയം ലഭിക്കുവാനായി ചുറ്റുഭാഗവും മുകൾഭാഗവും പോളിത്തീൻ കവർ കൊണ്ട് മറച്ചിരിക്കുന്നു. ആവശ്യമായ സൂര്യപ്രകാശം ലഭ്യമാക്കുവാനും ഇവിടെ സൗകര്യം ചെയ്തിട്ടുണ്ട്.

മുളക്, പടവലങ്ങ, കുമ്പളങ്ങ, വഴുതിന, തക്കാളി, ഉള്ളി എന്നീ കൃഷിക്ക് പുറമെ ഏറെ ഫലഭൂഷ്ടിയുള്ള ഈത്തപ്പഴത്തോട്ടങ്ങളും ഉണ്ടാക്കിയിരിക്കുന്നു. തോട്ടത്തിനോട് ചേർന്ന വഴിയോരത്തെ ഈത്തപ്പഴ മരങ്ങൾ നശിക്കാതിരിക്കാൻ കാവൽക്കാരെപോലെ കായ്ഫലം ഉണ്ടാവാത്ത ആൺ ഈത്തപ്പഴ മരങ്ങളും വെച്ച് പിടിപ്പിച്ചിട്ടുണ്ട്. കൃഷിയുടെ മേൽനോട്ടം വഹിക്കുന്നത് കാര്യമായും പാകിസ്ഥാനികളും ഇന്ത്യക്കാരുമാണ്. അടിസ്ഥാന വർഗ തൊഴിലാളികളായി ബംഗാളികളുമുണ്ട്. പക്ഷേ ഇവരുടെയൊക്കെ മേലാളന്മാരാവുന്നത് മലയാളികളാണ് മുന്നിലെന്ന് ഇവിടെയുള്ള പെരുമാറ്റത്തിൽ ഞങ്ങൾക്ക് മനസ്സിലായി. സമയകുറവ് കാരണം അവസാനമായി ഞങ്ങളെ കൂട്ടി കൊണ്ട് പോയത് കിലോമീറ്ററുകളോളം ചുറ്റപ്പെട്ട് കിടക്കുന്ന മറ്റൊരു കൃഷി സ്ഥലത്തേക്കാണ്. ഇവിടെ ഒട്ടകങ്ങൾക്ക് ഭക്ഷിക്കുവാനുള്ള പുല്ലുകളാണ് കൃഷി ചെയ്യുന്നത്. ഒരു ഭാഗത്ത് പാകമായ പുല്ലുകൾ സമചതുര രൂപത്തിൽ വെട്ടിയിരിക്കുന്നു.

കൃഷിസ്ഥലത്തിന്റെ ഒത്ത മദ്ധ്യത്തിൽ കൂറ്റൻ കുന്നാണ്. ഒന്നര കിലോമീറ്ററോളം ദൂരമുള്ള കുന്നിൻ മുകളിലേക്കുള്ള പാതയുടെ ഇരു ഭാഗങ്ങളിലും ഭീമാലംകൃത വൈദ്യുതി വിളക്കുമരങ്ങൾ സ്ഥാപിച്ചിരിക്കുന്നു. ഭംഗിയുള്ള ചെടികളെപ്പോലെ കാണുവാൻ സുന്ദരമാണീ രാജപാത..

സൂര്യാസ്തമയം വീക്ഷിക്കുവാൻ വേണ്ടിയായിരിക്കണം ഏറെ ബുദ്ധിമാനായ അമീർ കുന്നിൻ മുകളിൽ കൊട്ടാര സാദൃശ്യമായ താമസ സ്ഥലവും ഭോജനശാലയോട് കൂടിയ വിസിറ്റിങ്ങ് ഔട്ട് ഹൗസും നിർമ്മിച്ചത്.

രാജകുടുംബങ്ങൾ അവധി ദിനങ്ങൾ ചെലവിടുവാൻ ഇവിടെയാണത്രെ ഇടയ്ക്കിടെ വരാറുള്ളത്. അത് കൊണ്ട് ഇങ്ങോട്ട് മറ്റുള്ളവർക്ക് പ്രവേശനമില്ല. ഒരിക്കൽ മാനേജരായ എൻ. സി യെ പോലും ഇവിടേക്ക് കടത്തി വിടുവാൻ സെക്യൂരിറ്റി അനുവദിക്കാത്ത സംഭവം അദ്ദേഹം വിവരിച്ചു തന്നു.

ഞങ്ങളിപ്പോൾ അതിമനോഹരമായ പൂന്തോപ്പിൽ നിർമ്മിച്ച കൊട്ടാര സാദൃശ്യമായ വീടിന്റെ മുറ്റത്താണ്. സൂര്യൻ അസ്തമിക്കുവാൻ നിമിഷങ്ങൾ മാത്രം. മുറ്റത്തെ വേർതിരിക്കുന്ന മതിലിനോട് ചാരി നിന്ന് നോക്കിയാൽ ഏറെ സുന്ദരമായ കാഴ്ചകൾ, അങ്ങകലെയുള്ള പൂന്തോട്ടങ്ങളിൽ പാറികളിക്കുന്ന പക്ഷികൾ കണ്ണുകൾക്ക് ഏറെ ആനന്ദകരമായി തോന്നി. പഴയ പ്രണയഗാനങ്ങളുടെ ഈരടികൾ അറിയാതെ മനസിൽ മന്ത്രിക്കുന്നു..... ജീവിത പാതയിലെ കഴിഞ്ഞു പോയ ഇന്നലകളിലേക്ക് എത്തി നോക്കുമ്പോൾ മനം നിറയെ കൊതിയാണ്. പ്രിയപ്പെട്ടവരെ താദിഖിലേക്ക് ക്ഷണിക്കുവാൻ ഇത്തിരി നേരം ഇവിടെ ചെലവിട്ട്, അത്ഭുതങ്ങളുടെ ചെപ്പുകൾ അവർക്കായി കാഴ്ചവെക്കുവാൻ, അത്രയും സുന്ദരമാണീ താദിഖ്...

കോളേജ് ക്യാമ്പസുകളിലെ ഇടനാഴികളിലേക്ക് അൽപനേരം ചിന്തകൾ തെന്നിപോയോ..? കാലയവനികക്കുള്ളിൽ മാറി മറഞ്ഞ സുന്ദര നിമിഷങ്ങൾ.. വളപ്പൊട്ടുകളുടെ കിലുകിലുക്ക താളത്തിൽ വിടർന്ന് വന്ന വർണ്ണമയങ്ങളുടെ നിനവുകൾ, അതെല്ലാം ഇവിടെ താദിഖിൽ പുനർജ്ജനിച്ചത് പോലെ. പക്ഷെ കാലങ്ങളുടെ കുത്തൊഴുക്കിൽ മനുഷ്യജന്മങ്ങളുടെ അത്ഭുത ചിന്തകളിൽ വിരിഞ്ഞ താദിഖ് എന്നെ ഏറെ സ്വാധീനിക്കുകയായിരുന്നു.

സുന്ദര നിമിഷങ്ങൾ സമ്മാനിച്ച എൻ. സി യുടെ വീട്ടിൽ ചെന്നു പ്രാർത്ഥനക്ക് ശേഷം ചായ കഴിച്ച് ഞങ്ങൾ തിരിച്ച് ബത്ഹയെ ലക്ഷ്യം വെച്ച് യാത്രയായി.

ഒരു ജന്മത്തിലെ അത്ഭുതങ്ങൾ നേരിൽ കണ്ടത് മനസിന്റെ മണിചെപ്പിൽ സൂക്ഷിച്ച്, എക്കാലവും എന്നെന്നും ഓർക്കുവാൻ, ഓർമ്മകളുടെ ഓളങ്ങളിൽ ഒത്തിരി നേരം ലയിക്കുവാൻ.....

കണിക്കൊന്ന പൂക്കുമ്പോൾ...



ഏഴുകോൺ ജോയ് പ്രസാദ്, റിയാദ്

മനസിന്റെ പടിവാതിലടച്ചു ഞാനൊരു കൊച്ചു
മെഴുകുതിരിയുള്ളിൽ കൊളുത്തിടുമ്പോൾ
അരണ്ട വെളിച്ചത്തിലനുപമമാമൊരു
സ്മരണ തൻ നോവിൽ മനം തുടിച്ചു....
പതിനേഴിൻ പടിവാതിലിലെപ്പൊഴോ ഞാനൊരു
പ്രണയത്തിൻ നൂപുരധ്വനിയറിഞ്ഞു
പടിഞ്ഞാറേ വാടക വീടിന്റെ മുറ്റത്തൊരുനാളാ-
പ്പനിനീർപ്പൂമുഖമാദ്യം ഇതൾ വിരിഞ്ഞു
ഞങ്ങടെ നാട്ടിലെ ബാങ്കിലേക്കന്നവൾ
ജോലിതൻ മാറ്റമായി വന്നതാകാം..
അത്തപ്പൂവണിയിക്കാൻ അനിയത്തിയോടൊപ്പം
അതിരിലെ മുക്കുറ്റി തേടിടുമ്പോൾ
ഞാൻ കണ്ടു; അവളൊരു പുഞ്ചിരിപ്പൂവുമായ്
മുറ്റത്തെ കളിയൂഞ്ഞാലാടിടുന്നു
എന്നുമാ പുഞ്ചിരിക്കൈനീട്ടം വാങ്ങുവാ-
നെന്നിലെ കാമുകൻ കാത്തിരുന്നു
ഒരുനാളിലവളൊരു മഴവിൽപ്പൂശലഭമായ്
എൻ കുടിലിന്റെ മുറ്റത്തു വിരുന്നു വന്നു.
അനുജത്തിയെക്കൂട്ടി കിളിമരച്ചോട്ടിലും
കറിവേപ്പിൻ തണലിലും കളി പറഞ്ഞു
കടക്കണ്ണിലൊളിപ്പിച്ച നീലാംബരിപ്പൂക്കൾ
പലവട്ടം അവളെനിക്കെറിഞ്ഞു തന്നു
ദിവസങ്ങൾ... മാസങ്ങൾ മാനസപ്പൂന്തോപ്പി-
ലറിയാതെ ഞങ്ങളും കൂടുകൂട്ടി...
ഒരു വിഷുപ്പുലരിയിൽ അകക്കാമ്പിലവളുടെ
മുഖമൊന്നു കണികാണാൻ കൊതിച്ചുപോയി..
അനിയത്തി പോയിട്ടൊന്നവളെയും കൂട്ടീട്ട്
വരുവാനൊരുകാര്യം ഞാൻ പറഞ്ഞയച്ചു..
തിരിച്ചെത്തിയോരെന്നുടെ പുന്നാരപ്പെങ്ങൾ തൻ
കരളിലെ കണ്ണീരെൻ കരൾ പിളർത്തി
അയലത്തെ ചെറ്റച്ചെറുക്കന്റെ പെങ്ങൾക്കീ വീട്ടിൽ
വിഷുമാസപ്പുലരിയിലെന്തു കാര്യം
കണികണ്ടു പോയല്ലോ ഇവളെ ഞാൻ ദൈവമേ
ഒരു വിഷുക്കാലം തുലഞ്ഞുവല്ലോ
അവളുടെ അമ്മ തൻ വാക്കിൻ വെളിച്ചത്തി-
ലെന്നിലെ എന്നെ ഞാൻ തിരിച്ചറിഞ്ഞു...
'ചെറ്റ'യെന്നോതുവാൻ ഞാൻ ചെയ്ത തെറ്റൊരു
ചെറ്റക്കുടിലിൽ ജനിച്ചതാവാം
അനിയത്തി തൻ മൂർദ്ധാവിലൊരു ചുംബനം നൽകി
അവളുടെ കണ്ണീർ ഞാൻ തുടച്ചുമാറ്റി
മനസിലെ കിളിമരപ്പടർപ്പിലെ കളിക്കൂട്ട്
ഇരുകയ്യും ചേർത്ത് ഞാൻ പറിച്ചെറിഞ്ഞു..
കാലമുരുണ്ടുപോയ് ഈ മണൽക്കാട്ടിലും
ഓർമ്മതൻ കണിക്കൊന്ന പൂത്തിടുമ്പോൾ..
മനസിന്റെ പടിവാതിലടച്ചു ഞാനീ കൊച്ചു
മെഴുകുതിരിയുള്ളിൽ കെടുത്തീടട്ടെ... ...

മണൽ പരപ്പിലെ സൗഹൃദ കാഴ്ചകൾ



സലീം നാലകത്ത്
ദോഹ



ആവി പതയുന്ന ഈ മരുഭൂവിൻ മണ്ണിലേക്ക് ആണ്ടുകൾക്ക് മുമ്പ് നമ്മുടെ പൂർവ്വികർ ലോഞ്ചിലേറി വന്നിറങ്ങുമ്പോൾ ഇവിടം ഇന്ന് കാണുന്ന തരത്തിലുള്ള മായാ പ്രപഞ്ചമൊന്നുമല്ലായിരുന്നു. കരകാണാകടലിന്റെ ഭീകരതയും പൊരിയുന്ന വെയിലിൽ എരിയുന്ന മണൽ പരപ്പും പിന്നെ മണൽ കൂനകൾ കൊണ്ടുള്ള കുടിലുകളും നിരക്ഷരരായ നന്മയുള്ള മനുഷ്യ സമൂഹവും മീൻ പിടിച്ചും മുത്തു മുങ്ങിയെടുത്തും അദ്ധ്വാനത്തിന് പുതിയ മാറ്റങ്ങൾ തേടിയിരുന്ന ഇവരിലേക്കാണ്.

ആശകൾ തുന്നി പിടിപ്പിച്ച പട്ടുറുമാലുമായി ഒരു നിയോഗം പോലെ മലയാളി വന്നിറങ്ങുന്നത്. നിറഞ്ഞ മനസ്സോടെ, ഇരു കൈയ്യും നീട്ടി നമ്മെ സ്വീകരിച്ചു ഇവിടുത്തുകാർ പരിചിതമായ സഹചര്യങ്ങളിൽ ഉള്ള ജോലിയും ജോലിക്ക് കൂലിയും കൂടെ കലർപ്പില്ലാത്ത നിഷ്കളങ്ക സ്നേഹവും വാത്സല്യവും കൂടിയായപ്പോൾ ദേശ-ഭാഷാ വ്യത്യാസമില്ലാതെ പുതിയൊരു സൗഹൃദ ലോകം പിറക്കുകയായിരുന്നു.

സ്വപ്നങ്ങളല്ലാതെ മറ്റൊന്നും വിളയില്ലെന്ന് കരുതിയിരുന്ന മണൽക്കാട്ടിൽ നിന്ന് സ്വർഗ്ഗസമാനമായ ഇന്നത്തെ പുരോഗതിയുണ്ടായത്. ഈ സമർപ്പിത സൗഹൃദങ്ങളുടെ കെട്ടുറപ്പുള്ള ചങ്ങാത്തത്തിന്റ കൂടെ ഫലമായിട്ടായിരുന്നു.

ഈത്തപ്പഴം പഴുക്കാനായി വീശിയടിക്കുന്ന പൊടിക്കാറ്റിൽ, അസ്തി കോച്ചുന്ന കൊടും തണുപ്പിൽ സങ്കുചിതമല്ലാത്ത സൗഹൃദ് ബന്ധങ്ങളുടെ പരിപാവനത കാത്തു സൂക്ഷിക്കുവാൻ അന്നത്തെ സമൂഹത്തിനായി എന്നതു തന്നെയാണ് അസ്തമയ സൂര്യന്റെ നിഴലുകൾക്കപ്പുറം ആശകൾ വിരിയുന്ന പുതിയ ഒരു ലോകമുണ്ടന്നെ് കാലെക്കൂട്ടി തിരിച്ചറിയുവാൻ ഇവർക്കായത്.

ഒന്നുമൊന്നും രണ്ടാണെന്നുകൂടി കൂട്ടി വായിക്കുവാൻ അറിയാത്ത മലപ്പുറത്തുകാരൻ ചേക്കു മമ്മതു എന്ന ചേക്കമ്മദാജിയുടെ ജീവിത വിജയത്തിന്റെ ചരിത്രം സഹിച്ചും ത്യജിച്ചും എല്ല് മുറിയെ പണിയെടുത്തും ആരെയും വഞ്ചിക്കാതെ സ്നേഹം കൊടുത്തും, വാങ്ങിയും കെട്ടിപ്പടുത്ത ഈ മണ്ണിലെ നമ്മുടെ പൂർവ്വീകരുടെ വിജയ ജൈത്ര യാത്രകളിലെ ഒന്ന് മാത്രം. സൗഹൃദം അമൃത്പോൽ അമൂല്യമായി സൂക്ഷിച്ച ചേക്കുമമ്മദു-ചേക്കമ്മദാജിയിലേക്കും പിന്നീട് വളർച്ചയുടെ നാൾവഴിക ളിലൂടെ സഞ്ചരിച്ച് ഒരു നാടിന്റെ മുഴുവൻ ആദരവിന്റെ സൂചകമായി ഷെയ്ക്ക് മമ്മദ് എന്ന അഭിമാനത്തിലേക്കും പരിവർത്തിക്കപ്പെട്ട ചരിത്ര പിന്നാമ്പുറങ്ങളിൽ ശക്തിയായി പിന്തുണയായി ഉറച്ചു നിന്ന ചങ്ങാതിക്കൂട്ടം കുമാരേട്ടനും ഇബ്രാഹീം കുട്ടിയുമടങ്ങുന്ന ചങ്ങാതിമാരുടെ വിശ്വാസ്യത മരണം വരെ കാത്തു സൂക്ഷിക്കാനായി എന്നതാണ് ഇന്നിന്റെ

ലോകത്തിന് അപരിചിതമായ ആത്മബന്ധത്തിന്റെ ദൃഢതയുടെ നേർകാഴ്ചകൾ.

ഉമ്മുൽ ഖുറൈനിലെ ഉൾപ്രദേശത്തെ പതിറ്റാണ്ടുകൾക്ക് മുമ്പ് ചെറുതായി തുടങ്ങിയ ചായ പീടികയിൽ നിന്നും ബക്കാലകളും സൂപ്പർമാർക്കറ്റുകളും അവിടുന്നങ്ങോട്ട് പഞ്ചനക്ഷത്ര ഹോട്ടൽ സമുച്ചയം വരെ നാട്ടിലും മറുനാട്ടിലുമായി പണിതുയർത്തി പടർന്ന് പന്തലിച്ച് നിൽക്കുന്ന വ്യാപാര കരുത്ത് ഇന്നും ഒരു തരി ഇളകാതെ ആ പഴയ സൗഹൃദങ്ങളുടെ പ്രതീകങ്ങളായി നിലനിൽക്കുന്നത് "ഷെയ്ക്ക് മമ്മദ് അസോസിയേറ്റഡ് കമ്പനി."

നവലോക യാന്ത്രികതയുടെ കൃത്രിമ തിരക്കുകളുടെ ഒരു സിഗ്നലിൽ പച്ച വെളിച്ചം തെളിയുന്നത് കാത്ത് വാഹനങ്ങളുടെ നീണ്ട ക്യൂവിൽ ഒരുവനായി കാത്ത് കെട്ടികിടക്കുമ്പോൾ പുതിയ വ്യാപാര സംരഭത്തിന്റെ പണിപുരകളുടെ നൂറായിരം ചിന്തകൾ തലയിൽ അധികരിച്ചപ്പോൾ ഒരിക്കൽ സുഹൃത്ത് ഉദയൻ പറഞ്ഞ ഒരു പഴയ ചങ്ങാതിമാരുടെ വിജയ കഥ ഓർത്തെടുക്കുകയായിരുന്നു.

എന്തിനും ഏതിനും നല്ലൊരു കൂട്ടുകെട്ടിന്റെ പിൻ ബലംമുണ്ടാവണമെന്നതിന് സുഹൃത്ത് ഉയർത്തി കാണിച്ച ഷെയ്ഖ് മമ്മദ് കമ്പനിയുടെ ചരിത്രം.

പക്ഷെ എനിക്കത് ഒട്ടും ഉൾക്കൊള്ളാനായില്ല. മാനം മുട്ടെ ഉയർന്ന് നിൽക്കുന്ന കോൺക്രീറ്റ് സമുച്ചയത്തിന്റെ പതിനാലാം നിലയിലെ ഫ്ളാറ്റിൽ സങ്കുചിത ചിന്തകളുടെ മാറാല കൂട്ടിൽ നിന്ന് മോചിതനാകാൻ മനസ്സ് സമ്മതിക്കാത്തവന്റെ സംശയങ്ങൾ... ഇടുങ്ങിയ ചിന്തകളുടെ കരിമ്പടപ്പിനുള്ളിൽ നന്മകളെല്ലാം പുറത്തു വച്ച് മൂടി പുതച്ച് ഒറ്റക്കാവാൻ ശ്രമിക്കുന്നതിനിടയിൽ നമുക്ക് ചെറുതായിട്ടെങ്കിലും ഓർക്കെണ്ടതുണ്ട്. ആർക്ക് വേണ്ടിയാണി കരുതൽ- എന്തിന് വേണ്ടിയാണി സങ്കുചിതത്വം. നശ്വരമായ ഈ ജീവിതത്തിന്റെ ഇടനാഴികകളിൽ നമുക്ക് നഷ്ടമാകുന്ന നന്മകളെ എങ്ങനെയാണ് തിരികെയെടുക്കുക, തെളിനീരൊഴുകുന്ന അരുവികളുടെ നൈർമല്ല്യത്തെ തൊടുകളിലെ ചെത്തിപിടിപ്പിച്ച വരമ്പിൻ മുകളിലെ ആമ്പൽചെടികളെ ചിങ്ങവും ചിത്തിരമഴയും പെരുന്നാളുകളുടെ ആഹ്ലാദവും അകസൗന്ദര്യത്തിന്റെ പാവിഴപുറ്റുകളെ എങ്ങനെ മറക്കാനാവും.

സുകൃതങ്ങൾ ബാക്കി വെയ്ക്കുന്ന ഒത്തിരി ജീവിതങ്ങൾ ഇപ്പോഴുമുണ്ട് ഈ മണൽക്കാട്ടിൽ.. ആധുനിക ജീവിതം ആഗ്രഹിച്ചിട്ടില്ലെങ്കിലും വന്നുപ്പെടുന്ന സ്വാഭാവിക യാന്ത്രിക യാഥാർത്ഥ്യങ്ങൾക്കിടയിൽ ഊതിക്കാച്ചിയ പൊന്നു പോലെ നിഷ്കളങ്ക സ്നേഹം കാത്തു സൂക്ഷിക്കുന്നവർ വിരളമായിട്ടെങ്കിലും ഉണ്ടെന്നതാണ് ഇന്നിന്റെ ചിന്താവിഷയങ്ങളിൽ നമുക്ക് ആശക്ക് വക നൽകുന്നത്.

പൊതുപ്രവർത്തകർ ജീവിതവിശുദ്ധി കാത്തു സൂക്ഷിക്കുക: നജീബ് മൗലവി

റിയാദ്: പൊതുപ്രവർത്തകർ ജീവിതത്തിൽ വിശുദ്ധിയുള്ളവരായിരിക്കണമെന്ന് പ്രമുഖ ഇസ്ലാമിക പണ്ഡിതനും സംസ്ഥാന ജംഇയ്യത്തുൽ ഉലമ നേതാവുമായ നജീബ് മൗലവി മമ്പാട് പറഞ്ഞു.

ഭരണകർത്താക്കൾ സ്വജനപക്ഷപാതവും അഴിമതിയും കാണിക്കുന്നത് നീതിക്ക് നിരക്കുന്നതല്ല, ജനങ്ങളോട് കാണിക്കുന്ന വഞ്ചനയാണത്. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന പാവപ്പെട്ടവരുടെയും യാതന അനുഭവിക്കുന്നവരുടെയും പ്രശ്നങ്ങൾ അറിയുകയും അവർക്ക് വേണ്ടി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് സാമൂഹ്യപ്രവർത്തനം. ലക്ഷ്യങ്ങൾ വ്യത്യസ്തമാണെങ്കിലും അടിസ്ഥാനപരമായി പ്രവാസി സംഘടനകളൊക്കെ ജീവകാരുണ്യ പ്രവർത്തനത്തിൽ ശ്രദ്ധ ചെലുത്തുന്നവരാണ്. പ്രത്യേകിച്ച് മുസ്ലിംലീഗും പോഷകസംഘടനയായ കെ.എം.സി.സിയും നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. മലപ്പുറം ജില്ലയിൽ നടപ്പിലാക്കുന്ന "ബൈത്തുറഹ്മ" പോലുള്ള സംരംഭങ്ങൾ സമൂഹത്തിന് മാതൃകയാണെന്നും നജീബ് മൗലവി പറഞ്ഞു. റിയാദ് മലപ്പുറം ജില്ലാ കെ.എം.സി.സി സംഘടിപ്പിച്ച "അൽതസ്കിയ" പഠനശിബിരത്തിൽ പൊതുപ്രവർത്തനം ഇസ്ലാമിക വീക്ഷണത്തിൽ എന്ന വിഷയം അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം.

ബത്ഹ ന്യൂസഫാമക്ക ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി കെ.എം.സി.സി സെൻട്രൽ കമ്മിറ്റി വൈസ് പ്രസിഡന്റ് സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ഉദ്ഘാടനം ചെയ്തു. പാണക്കാട് അബ്ദുൽ ജബ്ബാർ ശിഹാബ് തങ്ങൾ മുഖ്യാതിഥിയായിരുന്നു. ജില്ലാ പ്രസിഡന്റ് അബ്ദുസ്സമദ് കൊടിഞ്ഞി അധ്യക്ഷത വഹിച്ചു. ഭാരവാഹികളായ തെന്നല മൊയ്തീൻകുട്ടിയും ഇഖ്ബാൽ കാവനൂരും അതിഥികളെ ഷാൾ അണിയിച്ചു. വിവിധ സംഘടനാ നേതാക്കളായ ളിയാഉദ്ദീൻ ഫൈസി മേൽമുറി, അബൂബക്കർ ഫൈസി, നാസർ മാസ്റ്റർ (ന്യൂ സഫാമക്ക), സൈതലവി ഫൈസി പനങ്ങാങ്ങര, മുസ്തഫ ബാഖവി പെരുമുഖം, യൂനുസ് സലീം താഴേക്കോട്, അബു ഹിഷാം മൗലവി വൂർ, ജാഫർ ഫാറൂഖി, സി.പി സുൽഫിക്കർ, സയ്യിദ് മുസമ്മിൽ തങ്ങൾ പങ്കെടുത്തു. അശ്റഫ് കൽപകഞ്ചേരി സ്വാഗതവും ശുഐബ് പനങ്ങാങ്ങര നന്ദിയും പറഞ്ഞു.



റിയാദ് മലപ്പുറം ജില്ലാ കെ.എം.സി.സി സംഘടിപ്പിച്ച "അൽതസ്കിയ" പഠനശിബിരത്തിൽ നജീബ് മൗലവി, മമ്പാട് മുഖ്യപ്രഭാഷണം നടത്തുന്നു

xtreamindia@gmail.com I +966 501214306
Web Designing
Graphics Designing
Brochure
Magazines
Engineering Drawings
Content Writing
xtream
INNOVATION
Riyadh - Saudi Arabia | Calicut - India

മദ്യ നിരോധനത്തിൽ ഒന്നിക്കുക : കുട്ടശ്ശേരി

'വികസന രാഷ്ട്രീയവും മദ്യ ജാതീയതയും' സംവാദം സംഘടിപ്പിച്ചു.

റിയാദ്: കുടുംബബന്ധം തകർക്കുകയും നാട്ടിൽ അരാജകത്വവും ദരിദ്രതയും വളർത്തി ഭാവിതലമുറയുടെ ചിന്താശക്തിയെയും സർഗശേഷിയെയും തകർക്കുകയും ചെയ്യുന്ന മദ്യ വിപത്തിനെതിരെ കക്ഷി രാഷ്ട്രീയ മതജാതി ചിന്തകൾക്കതീതമായി ഐക്യപ്പെടണമെന്ന് പ്രമുഖ പണ്ഡിതനും ഫാറൂഖ് റൗദത്തുൽ ഉലൂം അറബിക് കോളജ് മുൻ പ്രിൻസിപ്പലുമായ പി. മുഹമ്മദ് മൗലവി കുട്ടശ്ശേരി ആവശ്യപ്പെട്ടു.

മദ്യം സകല തിന്മകളുടെയും മാതാവാണെന്ന മുഹമ്മദ് നബിയുടെ തിരുവചനവും ഗാന്ധിജിയുടെയും ശ്രീനാരായണഗുരുവിന്റെയും മദ്യവിരുദ്ധ പ്രസ്താവനകളും മദ്യവിരുദ്ധ പോരാട്ടങ്ങൾക്ക് പ്രചോദനമാകണമെന്നും കുട്ടശ്ശേരി മൗലവി പറഞ്ഞു. വികസന രാഷ്ട്രീയവും മദ്യ ജാതീയതയും എന്ന വിഷയത്തിൽ മലപ്പുറം ജില്ല കെ.എം.സി.സി ബത്ഹ ന്യൂ സഫാമക്ക പോളിക്ലിനിക് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സംവാദം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കെ.എം.സി.സി ജില്ല ജനറൽ സെക്രട്ടറി ശുഐബ് പനങ്ങാങ്ങര അധ്യക്ഷത വഹിച്ചു. കേരളീയമനസിനെ മലിനമാക്കാനുള്ള ശ്രമത്തെ കരുതിയിരിക്കണമെന്നും അവികസിത പ്രദേശങ്ങളിലും സമൂഹത്തിനും പുരോഗതിക്കായി ശ്രമിക്കുമ്പോൾ തരംതാണ വർഗീയ പ്രചാരണങ്ങൾ നടത്തുന്നവർക്ക് മുസ്ലിംലീഗിന് ഒരു പോറലുമേൽപ്പിക്കാനാവില്ലെന്നും കെ.എം.സി.സി സൗദി നാഷണൽ കമ്മിറ്റി സെക്രട്ടറി റഫീഖ് പാറക്കൽ പറഞ്ഞു. പാരിസ്ഥിതിക വിഷയങ്ങൾ ശ്രദ്ധിച്ചും നൂറ് വർഷങ്ങൾക്കുശേഷമുള്ള തലമുറക്കും ദരിദ്രർക്കും നേട്ടമുണ്ടാകുന്നതുമാകണം വികസനമെന്ന് പറഞ്ഞ സാംസ്കാരിക പ്രവർത്തകൻ ജോസഫ് അതിരുങ്കൽ ചെറുകിട വ്യവസായികളെപോലും ബൂർഷ്വാസിയും മുതലാളിത്വത്തിന്റെ വക്താവായും മുദ്ര കുത്തുന്നത് വ്യവസായ സംരംഭങ്ങൾ മറ്റിടങ്ങളിലേക്ക് പോകാൻ കാരണമാക്കുന്നുണ്ടെന്നും അഭിപ്രായപ്പെട്ടു. വികസനപദ്ധതികൾ സുതാര്യമാകണമെന്നും നമ്മുടെ സംസ്കാരത്തെ തകർക്കുന്ന ടൂറിസം പദ്ധതികളും കോർപറേറ്റ് ഭീമന്മാർക്കായുള്ള വികസനങ്ങളും എതിർക്കപ്പെടണമെന്നും കേരള ഇസ്ലാമിക് ഗ്രൂപ്പ് പ്രതിനിധി റഹ്മത്തെ ഇലാഹി പറഞ്ഞു. മദ്യത്തിനെതിരായ മുസ്ലിംലീഗിന്റെ ഇടപെടൽ സ്വാഗതാർഹമാണെന്നും അത് കൂടുതൽ ക്രിയാത്മകമാക്കാൻ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സൗരോർജം ഉപയോഗിച്ചുള്ള 57 ചെറുകിട വൈദ്യുത പദ്ധതികളും നിരവധി ചെറുകിട വ്യവസായ സംരംഭങ്ങളുൾപ്പെടെയുള്ള എമർജിങ് പദ്ധതികളെ എതിർക്കുന്നത് നാട് വികസിക്കരുതെന്നും ദാരിദ്ര്യം നിലനിന്നാലെ തങ്ങളുടെ കാലഹരണപ്പെട്ടതും മനുഷ്യവിരുദ്ധവുമായ പ്രത്യയശാസ്ത്രങ്ങൾക്ക് നിലനിൽക്കാനാകൂ എന്ന ചിന്ത കൊണ്ടുമാണെന്ന് ഉപസംഹാര പ്രഭാഷണത്തിൽ എസ്.വി അർശുൽഅഹമ്മദ് പറഞ്ഞു. കൊലപാതകങ്ങളും നശീകരണപ്രവർത്തനങ്ങളും വർഗീയത വളർത്തിയും മുതലെടുപ്പ് നടത്താനുള്ള ശ്രമങ്ങൾ ജനങ്ങൾ തിരിച്ചറിഞ്ഞതുകൊണ്ടും ഉൾപാർട്ടി തർക്കങ്ങളാലും തകർന്നുകൊണ്ടിരിക്കുന്ന ഇടതുപക്ഷത്തിന്റെ സ്ഥാനത്ത് കയറിയിരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് പരിസ്ഥിതിയുടെ പേരിലും കുടിയൊഴിപ്പിക്കൽ ഭീതിയുണ്ടാക്കിയുമുള്ള ചിലയാളുകളുടെ നീക്കമെന്നും അർശുൽഅഹമ്മദ് പറഞ്ഞു. അശ്റഫ് കൽപകഞ്ചേരി സ്വാഗതവും യൂനുസ് സലീം താഴേക്കോട് നന്ദിയും പറഞ്ഞു. ഇഖ്ബാൽ കാവനൂർ മുജീബ് ഇരുമ്പുഴി, അൻവർ പാപ്പിനിപ്പാറ, അസീസ് വെങ്കിട്ട നേതൃത്വം നൽകി.



വികസന രാഷ്ട്രീയവും മദ്യജാതീയതയും എന്ന വിഷയത്തിൽ നടത്തിയ സംവാദത്തിന്റെ ഉദ്ഘാടനം പ്രഫ: മുഹമ്മദ് മൗലവി കുട്ടശ്ശേരി നിർവഹിക്കുന്നു.

inbox

വചനം ഇ-മാഗസിനിലേക്ക് സൃഷ്ടികളും അഭിപ്രായങ്ങളും ക്ഷണിക്കുന്നു

vachanamkmcc@gmail.com
Fax: 01 4646116

വചനം കെട്ടിലും മട്ടിലും വിഭവങ്ങൾ കൊണ്ടും നന്നായിരുന്നു. പ്രവാസത്തിന്റെ തിരക്കുകൾക്കിടയിലും ഇത്തരമൊരു സംരംഭം പുറത്തിറക്കുന്നതിൽ സന്തോഷം. അണിയറ ശില്പികൾക്ക് അഭിനന്ദനങ്ങൾ

പി.വി കോയ മാസ്റ്റർ koyamaster@gmail.com

വചനം വളരെ ഭംഗിയായിരിക്കുന്നു. ആശംസകൾ നേരുന്നു.

ഷാജി ആലപ്പുഴ (റിയാദ്)

ആനുകാലികങ്ങൾക്ക് കൂടുതൽ പേജുകൾ ഉപയോഗപ്പെടുത്താൻ 'വചനം' പ്രവർത്തകർ ശ്രദ്ധിക്കുമല്ലോ. അഷ്റഫ് തങ്ങൾ ചെട്ടിപ്പടിയുടെ യാത്രാവിവരണം വായിക്കാൻ കൗതുകമുള്ളതുതന്നെയാണ്.

വി.പി ശംസീർ ദുബായ്, ദേര vpshams@gmail.com

മാർച്ച് ലക്കം വചനത്തിലെ ശാസ്ത്രലോകം ഭംഗിയായി. ഇത്തരം ലേഖനങ്ങൾ ഭാവിയിൽ പ്രതീക്ഷിക്കുന്നു.

കെ. ജസീർ ബാബു തിരൂർ (ഖത്തർ)

Type setting, Page layout, and Cover design by: Shareef Vazhakkad - Xtream innovation Riyadh: +966 501214306